TKM COLLEGE OF ARTS AND SCIENCE, KOLLAM


TKM CAS News Archives

Volume 6, December 2023

# ടി.കെ.എം.ആർട്സ് ആൻഡ് സയൻസ് കോളേജിന് ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്



ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് നാക് ചെയർമാൻ പ്രൊഫ. ഭൂഷൺ പട്‌വർധനും മന്ത്രി ഡോ. ആർ.ബിന്ദുവും ചേർന്ന് ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, കോ-ഓർഡിനേറ്റർ ഡോ. സുമലക്ഷ്മി എന്നിവർക്ക് നൽകുന്നു



Mathrubhumi മാതൃഭൂമി

# സാംസ്കാരികരംഗത്തെ കലാപങ്ങൾ സർഗാത്മക മൂല്യമുള്ളവ-ഡോ. കെ.എസ്.രവികുമാർ



മാതൃഭൂമി അക്ഷരോത്സവത്തോട് അനുബന്ധിച്ച് ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ 'കലാപത്തിന്റെ മിച്ചമൂല്യം' എന്ന വിഷയത്തിൽ പ്രഭാഷണത്തിനെത്തിയ ഡോ. കെ.എസ്.രവികുമാർ അധ്യാപകരോടും വിദ്യാർഥികളോടുമൊപ്പം

MBIFL'23
MATHRUBHUMI INTERNATIONAL FESTIVAL OF LETTERS
Edition 4

അധ്യാപക കലാസാഹിതി



ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ പ്രഭാഷണത്തിനെത്തിയ ഡോ. കെ.എസ്.രവികുമാറിന് കുരീപ്പുഴ ഫ്രാൻസിസ് മാതൃഭൂമിയുടെ ഉപഹാരം നൽകുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, കോളേജ് അധ്യാപിക ദീപ എന്നിവർ സമീപം

**കൊല്ലം▸** സാംസ്കാരികരംഗത്തെ കലാപങ്ങൾക്ക് സർഗാത്മകമൂല്യമുണ്ടെന്ന് നിരൂപകനും കാലടി സംസ്കൃത സർവകലാശാല മുൻ പ്രോ-വൈസ് ചാൻസലറുമായ ഡോ. കെ.എസ്.രവികുമാർ.

മാതൃഭൂമി അക്ഷരോത്സവത്തിനു മുന്നോടിയായുള്ള ജില്ലയിലെ പതിമൂന്നാമത് പ്രഭാഷണം കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

അനീതിക്കും അക്രമത്തിനുമെതിരായ പ്രതികരണങ്ങളാണ് കലാപങ്ങൾ. ലോകം കണ്ട കലാപങ്ങളിൽ ഫ്രഞ്ച് വിപ്ലവത്തിന് അതിൽ ശ്രദ്ധേയസ്ഥാനമുണ്ട്. ഗാന്ധിജി പങ്കെടുത്ത വൈക്കം സത്യാഗ്രഹം സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങളിൽപ്പെടും. രാഷ്ട്രീയത്തിന്റെ മുഖ്യപരിഗണനയിൽ വരാത്ത വിഷയങ്ങളിലാണ് ഗാന്ധിജി ഇടപെട്ടത്. അരുവിപ്പുറം പ്രതിഷ്ഠയിലൂടെ ശ്രീനാരായണഗുരു വിശ്വാസസംഹിതകളിൽ കലാപം സൃഷ്ടിച്ചു. പുതിയ കാലത്തെ ചുംബനസമരമുൾപ്പെടെയുള്ളവ നിഷിദ്ധമായതിനെ പൊതുസമ്മതിയിലേക്ക് കൊണ്ടുവരാനുള്ള ശ്രമമാണെന്നും അദ്ദേഹം പറഞ്ഞു.



ഡോ. കെ.എസ്.രവികുമാർ

കുഞ്ചൻനമ്പ്യാരും കുമാരനാശാനും കലയിലൂടെയാണ് കലാപം നടത്തിയത്. അതുവരെയുള്ള രചനാരീതികളോടും ആശാൻ കലഹിച്ചിരുന്നു. കഥകളിലൂടെ തകഴിയും കേശവദേവും വൈക്കം മുഹമ്മദ് ബഷീറും ഭാവുകത്വകലാപത്തിന്റെ ഭാഗമായി. അത് മലയാളസാഹിത്യത്തെ സമ്പന്നമാക്കി. കലയിൽ സൃഷ്ടിക്കപ്പെട്ട കലാപങ്ങൾ ഒരിക്കലും പിന്നോട്ടു പോകുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അധ്യാപക കലാസാഹിതിയുടെയും കോളേജ് ലിറ്ററി ക്ലബ്ബിന്റെയും സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. അധ്യാപക കലാസാഹിതി സംസ്ഥാന സെക്രട്ടറി കുരീപ്പുഴ ഫ്രാൻസിസ് ഡോ. കെ.എസ്.രവികുമാറിന് ഉപഹാരം കൈമാറി. മാതൃഭൂമി പ്രത്യേക ലേഖകൻ ജി.സജിത്ത്കുമാർ, ചീഫ് സബ് എഡിറ്റർ ബിജു പാപ്പച്ചൻ, അധ്യാപിക ദീപാ രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

25/01/2023 PUNALUR Pg 03

# 'കണക്ട് കുണ്ടറ' പദ്ധതിക്ക് തുടക്കം

**കിളികൊല്ലൂർ:** പി.സി. വിഷ്ണുനാഥ് എം.എൽ.എ രൂപം നൽകിയ സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയായ 'കണക്ട് കുണ്ടറ'യുടെ ഉദ്ഘാടനം സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. വായനയായിരിക്കണം വിദ്യാർഥികളുടെ ലഹരിയെന്നും വായനയിലൂടെ മറ്റു ലഹരികളെ തുരത്താമെന്നും അദ്ദേഹം പറഞ്ഞു.

ടി.കെ.എം ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ചടങ്ങിൽ പി.സി. വിഷ്ണുനാഥ് എം.എൽ.എ അധ്യക്ഷതവഹിച്ചു. കണക്ട് പദ്ധതിയുടെ ലോഗോ ജില്ല പൊലീസ് മേധാവി മെറിൻ ജോസഫ് നിർവഹിച്ചു. ചടങ്ങിൽ വിദ്യാഭ്യാസ രംഗത്ത് സമഗ്ര സംഭാവന നൽകിയ ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസ്‍ലിയാരെ കണക്ട് കുണ്ടറയുടെ ഭാഗമായി സ്പീക്കർ ആദരിച്ചു. എൻ.കെ. പ്രേമചന്ദ്രൻ എം.പി മുഖ്യപ്രഭാഷണം നടത്തി. ടി.കെ.എം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ എസ്. യഹിയ, ടി.കെ.എം ട്രസ്റ്റ് ട്രഷർ ടി.കെ. ജലാലുദ്ദീൻ മുസ്‍ലിയാർ, യഹിയ, വെബ്രന്റ് കമ്യൂണിറ്റി ആക്ഷൻ നെറ്റ്‍വർക്ക് പ്രസിഡന്റ് അഖിൽ കുര്യൻ, കൊറ്റങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എച്ച്. ഹുസൈൻ , ടി.കെ.എം ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ അൻവർ മുഹമ്മദ് എന്നിവർ സംസാരിച്ചു.



*'കണക്ട് കുണ്ടറ'പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് സമഗ്ര സംഭാവന നൽകിയ ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസ്‍ലിയാരെ സ്പീക്കർ എ.എൻ. ഷംസീർ ഉപഹാരം നൽകി ആദരിക്കുന്നു*

**17-1-2023,Madhyamam, p-4**

# കണക്ക് കുണ്ടറ പദ്ധതി തുടങ്ങി

**കരിക്കോട്** ▸ വായനയും ക്ഷമയും ഉണ്ടെങ്കിൽ ഏത് ലഹരിയെയും നമുക്ക് തുരത്താമെന്ന് സ്പീക്കർ എ.എൻ.ഷംസീർ. കുണ്ടറ മണ്ഡലത്തിൽ പി.സി.വിഷ്ണുനാഥ് എം.എൽ.എ. നടപ്പാക്കുന്ന വിദ്യാഭ്യാസപദ്ധതിയായ കണക്ക് കുണ്ടറയുടെ ഉദ്ഘാടനം കരിക്കോട് ടി.കെ.എം. ആർട്സ് കോളേജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ടി.കെ.എം.ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ.ഷഹാൽ ഹസൻ മുസലിയാരെ സ്പീക്കർ ആദരിച്ചു. എൻ.കെ.പ്രേമചന്ദ്രൻ എം.പി., സിറ്റി പോലീസ് കമ്മിഷണർ മെറിൻ ജോസഫ്, ടി.കെ.എം.ട്രസ്റ്റ് ട്രഷറർ ടി.കെ.ജലാലുദ്ദീൻ മുസലിയാർ, ട്രസ്റ്റ് അംഗങ്ങളായ ടി.കെ.ജമാലുദ്ദീൻ മുസലിയാർ, ഡോ. മുഹമ്മദ് ഹാറൂൺ, ടി.കെ.എം. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ എസ്.യഹിയ, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം എച്ച്.ഹുസൈൻ, വാർഡ് അംഗം ഷീജ സജീവ്, ഉദയ ദേവി, വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംസാരിച്ചു.



▶ കുണ്ടറ മണ്ഡലത്തിൽ നടപ്പാക്കുന്ന വിദ്യാഭ്യാസപദ്ധതിയായ കണക്ക് കുണ്ടറയുടെ ഉദ്ഘാടനം സ്പീക്കർ എ.എൻ.ഷംസീർ നിർവഹിക്കുന്നു

*17-1-2023, Mathrubhumi, Page2*



▶ അറബിക് സാഹിത്യത്തിൽ കേരള യൂണിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്.ഡി. നേടിയ ഇ.നജീം. ടി.കെ.എം.ആർട്സ് ആൻഡ് സയൻസ് കോളേജിലെ അറബിക് വിഭാഗം മേധാവിയാണ്. വേങ്ങോട് ചേരൂർ സലിമിയ ഹൗസിൽ എ.ഇബ്രാഹിം പിള്ളയുടെയും കെ.സുബൈദാബീവിയുടെയും മകനാണ്. റൈഹയാണ് ഭാര്യ



കൊമേഴ്സിൽ പിഎച്ച്ഡി (കേരള) നേടിയ എം.മാഹീൻ. കൊല്ലം ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ അസിസ്റ്റന്റ് പ്രഫസറും പുറക്കാട് (അമ്പലപ്പുഴ) മാഹീൻ മൻസിലിൽ മുഹമ്മദ് സാലിയുടെയും റഷീദയുടെയും മകനുമാണ്. ഭാര്യ: അജ്മി നാസർ.

***11.1.2023 Mathrubumi Page 3 18.4.2023 Malayala Manoramma***




കുണ്ടറ നിയോജക മണ്ഡലത്തിൽ പി.സി. വിഷ്ണുനാഥ് എംഎൽഎ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പരിപാടി 'കണക്ട് കുണ്ടറ'യുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിക്കുന്നു.

# വിദ്യാർഥികൾ വായന ലഹരി ആക്കണം: എ.എൻ. ഷംസീർ

കുണ്ടറ ● പുസ്തകമാണ് വിദ്യാർഥികളുടെ വിശ്വസ്തനായ സുഹൃത്തെന്നും വിദ്യാർഥികൾ വായന ലഹരി ആക്കണമെന്നും സ്പീക്കർ എ.എൻ. ഷംസീർ. കുണ്ടറ നിയോജക മണ്ഡലത്തിൽ പി.സി. വിഷ്ണുനാഥ് എംഎൽഎ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പരിപാടി 'കണക്ട് കുണ്ടറ' ഉദ്ഘാടനം ചെയ്യുകയായിരുന്നു .

സജീവമായ വായന കൊണ്ട് മാത്രമേ ഉള്ളടക്കമുള്ളവർ ആകാനാവു . കുട്ടികളെ ചെറുപ്പത്തിലേ വായനയിലേക്ക് തിരിച്ച് വിടണം . ആൺപെൺ പ്രായവ്യത്യാസമില്ലാതെ സമൂഹത്തിൽ ഉള്ള പ്രധാന പ്രശ്നമാണ് ലഹരി. അതിനെതിരെ പ്രവർത്തിക്കാൻ വായനയിലൂടെ സാധിക്കും. ലഹരിക്ക് എതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് 'വായനയാണ് ലഹരി' എന്ന പേരിൽ നിയമസഭയിൽ പുസ്തകോത്സവം നടത്തിയത്. ക്ലാസിലെ ഓരോ വിദ്യാർഥികളെയും അറിഞ്ഞ്, ലഹരിക്ക് എതിരെ പ്രവർത്തിക്കാൻ അധ്യാപകർക്കും ഉത്തരവാദിത്തമുണ്ട്. വായനയും ക്ഷമയും ഉണ്ടെങ്കിൽ മാത്രമേ വിദ്യാഭ്യാസത്തിലും ജീവിതത്തിലും വിജയിക്കാൻ കഴിയുകയുള്ളു എന്നും സ്പീക്കർ പറഞ്ഞു.

പി. സി. വിഷ്ണുനാഥ് എംഎൽഎയുടെ അധ്യക്ഷതയിൽ ടികെഎം ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ ടികെഎം ചെയർമാൻ ഡോ. ടി.കെ. ഷഹാൽ ഹസൻ മുസല്യാരെ ആദരിച്ചു. എൻ. കെ. പ്രേമചന്ദ്രൻ എംപി, സിറ്റി പൊലീസ് കമ്മിഷണർ മെറിൻ ജോസഫ് ഐപിഎസ്, ടികെഎം ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ടികെഎം ട്രസ്റ്റ് അംഗങ്ങളായ ടി.കെ. ജമാലുദ്ദീൻ മുസല്യാർ, ഡോ. മുഹമ്മദ് ഹാറൂൺ, ടികെഎം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ എസ്. യഹിയ, ജില്ല പഞ്ചായത്ത് അംഗം കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ് കൊറ്റങ്കര, ബ്ലോക്ക് പഞ്ചായത്ത് അംഗം എച്ച്. ഹുസൈൻ, വാർഡ് അംഗം ഷീജ സജീവ്, വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പ്രസംഗിച്ചു.

***18-1-2023, Malayala Manorama, Page 2***



കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിലെ എൻ.എസ്.എസ് യൂനിറ്റുകൾ നടത്തിയ കൃഷിയുടെ വിളവെടുപ്പ് ജില്ല പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്യുന്നു

# കോളജിലെ കൊയ്ത്തുത്സവം ആഘോഷമാക്കി

**കൊല്ലം:** ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിലെ എൻ.എസ്.എസ് യൂനിറ്റുകൾ കൊറ്റങ്കര പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായത്തോടെ നടത്തിയ നെൽകൃഷിയുടെ രണ്ടാം വർഷത്തെ വിളവെടുപ്പ് ജില്ല പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്തു.

ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ, കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഹുസൈൻ, അഗ്രികൾചർ ഓഫിസർ ശ്രീവത്സ, എൻ.എസ്.എസ് പ്രോഗ്രാം ഓഫിസർ ഡോ. ടി.സി. അബ്ദുൽ റഫീഖ്, പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ വിനിതകുമാരി, ക്ഷേമകാര്യ സ്ഥിരം സമിതി ചെയർപേഴ്സൻ ഷെർളി, ധർമരാജൻ, വാർഡ് മെംബർ ഷേർളി സത്യദേവൻ, പാടശേഖര സമിതി സെക്രട്ടറി മോഹനൻപിള്ള, കാർഷിക കർമസേന സെക്രട്ടറി ശ്യാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

***29-1-2023,Madhyamam, Page 4***



ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് എൻഎസ്എസ് യൂണിറ്റുകൾ കൊറ്റങ്കര പഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ സഹകരണത്തോടെ നടത്തിയ നെൽക്കൃഷിയുടെ വിളവെടുപ്പ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയൽ ഉദ്ഘാടനം ചെയ്യുന്നു.

***29-1-2023, Malayala Manorama, Page15***

# കൊയ്ത്തുത്സവം നടത്തി



▶ മാമ്പുഴ ഏലായിൽ ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുകളുടെ നേതൃത്വത്തിലുള്ള കൊയ്ത്തുത്സവം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം** ▶ ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുകൾ കൊറ്റങ്കര ഗ്രാമപ്പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായത്തോടെ നടത്തിവരുന്ന നെൽക്കൃഷിയുടെ രണ്ടാംവർഷത്തെ വിളവെടുപ്പ് നടത്തി. മാമ്പുഴ ഏലായിലെ എട്ടു ഹെക്ടറോളം പാടശേഖരത്തിലെ ഒരേക്കർ വയലിൽ എൻ.എസ്.എസ്. വൊളന്റിയർമാർ നടത്തിയ കൃഷിക്ക് മാമ്പുഴ കാർഷികസമിതിയും പഞ്ചായത്ത് കാർഷിക കർമസേനയും പിന്തുണ നൽകി.

കൊയ്ത്തുത്സവം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയേൽ ഉദ്ഘാടനം ചെയ്തു. ടി.കെ.എം. ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസലിയാർ, കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഹുസൈൻ, കൃഷി ഓഫീസർ ശ്രീവത്സ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. ടി.സി. അബ്ദുൽ റഫീഖ്, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ വിനിത കുമാരി, ഷെർളി തുടങ്ങിയവർ പങ്കെടുത്തു.

***28-1-2023,Mathrubhumi, Page 3***

# മാമ്പുഴ ഏലായിൽ നെൽക്ക്യഷി വിളവെടുപ്പ്



മാമ്പുഴ ഏലായിൽ കൊയ്ത്തുത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ ഡാനിയൽ ഉദ്ഘാടനംചെയ്യുന്നു

**കൊല്ലം**

ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻഎസ്എസ് യൂണിറ്റുകൾ കൊറ്റങ്കര പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായത്തോടെ നടത്തുന്ന നെൽക്ക്യഷിയുടെ രണ്ടാം വർഷത്തെ വിളവെടുപ്പ് നടത്തി. മാമ്പുഴ ഏലായിലെ ഒരേക്കർ വയലിലാണ് മാമ്പുഴ കാർഷിക സമിതിയുടെയും പഞ്ചായത്ത് കാർഷിക കർമസേനയുടെയും സഹായത്തോടെ കൃഷി ഇറക്കിയത്.

കൊയ്ത്തുത്സവം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ ഡാനിയൽ ഉദ്ഘാടനംചെയ്തു. ടികെഎം ട്രസ്റ്റ് ട്രഷറർ ജലാലുദീൻ മുസലിയാർ, കോളേജ് പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ്, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ ദേവദാസ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഹുസൈൻ, അഗ്രികൾച്ചർ ഓഫീസർ ശ്രീവത്സ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ടി സി അബ്ദുൽ റഫീഖ്, സ്ഥിരംസമിതി അധ്യക്ഷരായ വിനിതകുമാരി, ഷെർളി, കാർഷിക വികസന സമിതി അംഗം ധർമരാജൻ, വാർഡ് അംഗം ഷേർളി സത്യദേവൻ, പാടശേഖര സമിതി സെക്രട്ടറി മോഹനൻപിള്ള, ശ്യാമചന്ദ്രൻ എന്നിവർ പങ്കെടുത്തു.

***28-1-2023, Deshabhimani, Page 4***



ആശ്രാമം ഭാഗത്തെ തണ്ണീർത്തടങ്ങളിലും വൃഷ്ടിപ്രദേശങ്ങളിലും ശുചീകരണയജ്ഞം മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്യുന്നു

***6-6-2023, Mathrubhumi, Page 2***

കേരളകൗമുദി SINCE 1911
Kollam 18 Jan 2024

## 18.1.2024 Kerala Koumidhi




കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഇന്റർനാഷണൽ അക്വാട്ടിക് സെന്റർ ഉദ്ഘാടനം മന്ത്രി വി. അബ്ദുറഹ്മാൻ നിർവഹിക്കുന്നു

# ഇന്റർനാഷണൽ അക്വാട്ടിക് സെന്റർ

കൊല്ലം: ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഇന്റർനാഷണൽ അക്വാട്ടിക് സെന്റർ മന്ത്രി വി. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു.

കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസ്ലിയാർ അദ്ധ്യക്ഷത വഹിച്ചു. പി.സി. വിഷ്ണുനാഥ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ്. എണസ്റ്റ്, കൊറ്റംകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിനീതകുമാരി, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, വാർഡ് മെമ്പർ ശ്രീജ സജീവ് എന്നിവർ സംസാരിച്ചു.

ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്ലിയാർ, മെമ്പർ ജമാലുദ്ദീൻ മുസ്ലിയാർ എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് സ്വാഗതവും ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം മേധാവി ഡോ. അബ്ദുറഫിഖ് നന്ദിയും പറഞ്ഞു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kollam



Mathrubhumi
മാതൃഭൂമി

# ടി.കെ.എം.ആർട്സ് ആൻഡ് സയൻസ് കോളേജിന് ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്



ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് നാക് ചെയർമാൻ പ്രൊഫ. ഭൂഷൺ പട്വർധനും മന്ത്രി ഡോ. ആർ.ബിന്ദുവും ചേർന്ന് ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, കോ-ഓർഡിനേറ്റർ ഡോ. സുമലക്ഷ്മി എന്നിവർക്ക് നൽകുന്നു

**കൊല്ലം ▸** നാഷണൽ അക്രെഡിറ്റേഷൻ ആൻഡ് അസെസ്മെന്റ് കൗൺസിലിന്റെ (നാക്) ഉയർന്ന ഗ്രേഡ് നേടിയ മികച്ച യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ 'ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡി'ന് ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അർഹമായി. അക്കാദമികരംഗത്തും സാമൂഹികസേവനരംഗത്തും പാഠ്യേതരമേഖലകളിലും കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ കോളേജ് നാക്കിന്റെ എ പ്ലസ് പ്ലസ് ഗ്രേഡ് നേടി. കേരള സർവകലാശാലയുടെ കീഴിൽ എ പ്ലസ് പ്ലസ് നേടുന്ന ആദ്യത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജ് എന്ന അംഗീകാരവും ടി.കെ.എമ്മിന്.

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പ് എറണാകുളം രാജഗിരി വാലിയിൽ സംഘടിപ്പിച്ച 'എക്സലൻഷ്യ-23' സിമ്പോസിയ വേദിയിൽ നാക് ചെയർമാൻ പ്രൊഫ. ഭൂഷൺ പട്വർധനും മന്ത്രി ഡോ. ആർ.ബിന്ദുവും ചേർന്ന് അവാർഡ് വിതരണം ചെയ്തു.

പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, കോ-ഓർഡിനേറ്റർ ഡോ. സുമലക്ഷ്മി എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

***11.2.2023 Mathrubhumi Page 3***



ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥും ഐ.ക്യു.എ.സി കോഓർഡിനേറ്റർ ഡോ. സുമ ലക്ഷ്മിയും ചേർന്ന് നാക്ക് ചെയർമാൻ പ്രഫ. ഭൂഷൺ പട് വർധൻ, മന്ത്രി ഡോ. ആർ. ബിന്ദു എന്നിവരിൽനിന്ന് ഏറ്റുവാങ്ങുന്നു


## ടി.കെ.എം കോളജിന് ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്

**കൊല്ലം:** നാഷനൽ അക്രഡിറ്റേഷൻ ആൻഡ് അസെസ്മെന്റ് കൗൺസിലിന്റെ (NAAC) ഉയർന്ന ഗ്രേഡ് നേടിയ കേരളത്തിലെ മികച്ച യൂനിവേഴ്സിറ്റികൾക്കും കോളജുകൾക്കും കേരള സർക്കാർ ഏർപ്പെടുത്തിയ 'ഹയർ എജുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡി'ന് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അർഹമായി.

അക്കാദമിക രംഗത്തും സാമൂഹിക സേവനരംഗത്തും പാഠ്യേതര മേഖലകളിലും കൈവരിച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ നാക്കിന്റെ A++ ഗ്രേഡും കേരള യൂനിവേഴ്സിറ്റിയുടെ കീഴിൽ A++ നേടുന്ന ആദ്യത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളജ് അംഗീകാരവും നേടിയിരുന്നു. നാക്ക് ചെയർമാൻ പ്രഫ. ഭൂഷൺ പട് വർധനും മന്ത്രി ഡോ. ആർ. ബിന്ദുവും ചേർന്ന് അവാർഡ് വിതരണം ചെയ്തു. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥും ഐ.ക്യു.എ.സി കോഓർഡിനേറ്റർ ഡോ. സുമ ലക്ഷ്മിയും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

***11.2.2023 Madhyamam, Page 3***

## തങ്ങൾ കുഞ്ഞ് മുസലിയാരുടേത് വിലമതിക്കാനാകാത്ത സംഭാവനകൾ : രാജ്മോഹൻ ഉണ്ണിത്താൻ




*തങ്ങൾ കുഞ്ഞ്മുസലിയാർ അനുസ്മരണ സമ്മേളനത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യപ്രഭാഷണം നടത്തുന്നു*

കൊല്ലം : വ്യവസായ പ്രമുഖനും ടി.കെ.എം ട്രസ്റ്റ് സ്ഥാപകനുമായ തങ്ങൾ കുഞ്ഞ് മുസലിയാരുടെ അനുസ്മരണവും അദ്ദേഹത്തിന്റെ പേരിലുള്ള സമഗ്ര സംഭാവന പുരസ്കാര വിതരണവും നടന്നു. ടി.കെ.എം എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യപ്രഭാഷണം നടത്തി.

വിദ്യാഭ്യാസ, വിജ്ഞാന, വ്യവസായ രംഗങ്ങളിൽ വിലമതിക്കാനാകാത്ത സംഭാവനകളാണ് തങ്ങൾ മുസലിയാർ നൽകിയതെന്നും അദ്ദേഹം പറഞ്ഞു. ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസലിയാർ അദ്ധ്യക്ഷനായി. മാജിക്കൽ സയൻസ് അക്കാഡമി ഡയറക്ടർ ഗോപിനാഥ് മുതുകാട് അനുസ്മരണ പ്രഭാഷണം നടത്തി.

തങ്ങൾ കുഞ്ഞ് മുസലിയാർ സമഗ്ര സംഭാവന പുരസ്കാര ജേതാക്കളായ ബംഗാൾ മുൻ ഗവർണറും ദേശീയസുരക്ഷ മുൻ ഉപദേഷ്ടാവുമായ എം.കെ. നാരായണൻ, കിംസ് ഹെൽത്ത് കോർപ്പറേഷൻ കൗൺസിലിന്റെ ഇന്ത്യയുടെയും ഗൾഫ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എം.ഐ. സഹദുള്ള, ജെമിനി സർക്കസ് സ്ഥാപകൻ എം.വി. ശങ്കരൻ എന്നിവർക്ക് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസലിയാർ പുരസ്കാരങ്ങൾ നൽകി. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ, ടി.കെ.എം സ്കൂൾ ഒഫ് ആർക്കിടെക്ചർ അഡ്മിനിസ്ട്രേറ്റർ ഖാജാമുസലിയാർ എന്നിവർ പങ്കെടുത്തു.

***21-2-2023 Keralakaumudi, ,Page 5***



സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ 'ഹയർ എജ്യുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡ്' നാക് ചെയർമാൻ പ്രഫ.ഭൂഷൺ പട് വർധൻ, മന്ത്രി ഡോ.ആർ.ബിന്ദു എന്നിവരിൽ നിന്നു ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, ഐക്യുഎസി കോ-ഓർഡിനേറ്റർ ഡോ.സുമലക്ഷ്മി എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

# നാക് പുരസ്കാര നിറവിൽ ടികെഎം കോളജ്

കൊല്ലം ● നാഷനൽ അക്രഡിറ്റേഷൻ ആൻഡ് അസെസ്മെന്റ് കൗൺസിലിന്റെ (നാക്) ഉയർന്ന ഗ്രേഡ് നേടിയ കേരളത്തിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റികൾക്കും കോളജുകൾക്കും സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ 'ഹയർ എജ്യുക്കേഷൻ മിനിസ്റ്റേഴ്സ് എക്സലൻസ് അവാർഡിനു ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അർഹമായി.

നാക് ചെയർമാൻ പ്രഫ.ഭൂഷൺ പട് വർധൻ, മന്ത്രി ഡോ. ആർ.ബിന്ദു എന്നിവരിൽ നിന്നു കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, ഐക്യുഎസി കോ-ഓർഡിനേറ്റർ ഡോ.സുമലക്ഷ്മി എന്നിവർ ചേർന്നു പുരസ്കാരം ഏറ്റുവാങ്ങി. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയി അധ്യക്ഷത വഹിച്ചു. വിഘ്നേശ്വരി, ഡോ.ജോസ് കുറിയേടത്ത് എന്നിവർ പ്രസംഗിച്ചു.

***11.2.2023 Malayala Manorama, , Page 2***

# ടി.കെ.എം ആർട്സ് കോളജിൽ മത്സ്യക്കൂട് കൃഷി രണ്ടാംഘട്ടം ആരംഭിച്ചു

**കരിക്കോട്:** 'പഠനത്തോടൊപ്പം സമ്പാദ്യം' പദ്ധതിയുടെ ഭാഗമായി വിദ്യാർഥികളിൽ തൊഴിൽ നൈപുണ്യ വികസനം പരിപോഷിപ്പിക്കുന്നതിനായി ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സുവോളജി വിഭാഗം നടത്തുന്ന മത്സ്യക്കൂട് കൃഷിയുടെ രണ്ടാംഘട്ട വിത്ത് നിക്ഷേപം അഷ്ടമുടിക്കായലിൽ നടത്തി.

സി.എം.എഫ്.ആർ.ഐയുടെ ആദ്യ സ്റ്റുഡൻറ് പ്രോജക്റ്റും കോളജിന്റെ ആദ്യ സ്റ്റുഡൻറ് സ്റ്റാർട്ടപ്പുമാണ് മത്സ്യക്കൂട് കൃഷി. രണ്ടാംഘട്ട വിത്ത് നിക്ഷേപം കോളജ് ഐ.ക്യു.എ.സി കോഓഡിനേറ്റർ ഡോ. സുമലക്ഷ്മി നിർവഹിച്ചു. സി.എം.എഫ്.ആർ.ഐ ടെക്നിക്കൽ അസിസ്റ്റന്റ് ഡോ. രാജു, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, പ്രോഗ്രാം കോഓഡിനേറ്റർ ഡോ. രോഹിണി കൃഷ്ണ, ഡോ. മുംതാസ്, ഡോ. ശാലിനി, ഡോ. മുഹമ്മദ് മുസ്തഫ, പ്രോജെക്ട് അംഗങ്ങളായ വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സുവോളജി വിഭാഗം നടത്തിവരുന്ന മത്സ്യക്കൂട് കൃഷിയുടെ രണ്ടാംഘട്ട വിത്ത് നിക്ഷേപം അഷ്ടമുടി കായലിൽ നടത്തുന്നു

***15-2-2023, Madhyamam,Page 4***




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സുവോളജി വിഭാഗം സംഘടിപ്പിക്കുന്ന മത്സ്യക്കൃഷിയുടെ രണ്ടാം ഘട്ട വിത്ത് നിക്ഷേപം അഷ്ടമുടി കായലിൽ നടത്തുന്നു.

# പഠനത്തോടൊപ്പം സമ്പാദ്യം പദ്ധതി: മത്സ്യക്കൃഷി വിത്ത് നിക്ഷേപം

കൊല്ലം ● 'പഠനത്തോടൊപ്പം സമ്പാദ്യം' പദ്ധതിയുടെ ഭാഗമായി വിദ്യാർഥികളിൽ തൊഴിൽ നൈപുണ്യ വികസനം പരിപോഷിപ്പിക്കുന്നതിനായി ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സുവോളജി വിഭാഗം സംഘടിപ്പിക്കുന്ന മത്സ്യക്കൂട് കൃഷിയുടെ രണ്ടാം ഘട്ട വിത്ത് നിക്ഷേപം അഷ്ടമുടി കായലിൽ നടത്തി.

കോളജ് ഐക്യുഎസി കോ-ഓർഡിനേറ്റർ ഡോ.സുമലക്ഷ്മി വിത്ത് നിക്ഷേപം നിർവഹിച്ചു.

സിഎംഎഫ്ആർഐ ടെക്നിക്കൽ അസിസ്റ്റന്റ് ഡോ.രാജു, സുവോളജി വിഭാഗം മേധാവി ഡോ.ജസിൻ റഹ്മാൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.രോഹിണി കൃഷ്ണ, ഡോ.മുംതാസ്, ഡോ.ശാലിനി, ഡോ.മുഹമ്മദ് മുസ്തഫ എന്നിവർ നേതൃത്വം നൽകി.

*15-2-2023, Malayala Manorama, Page 2*

Mathrubhumi
മാതൃഭൂമി

# ടി.കെ.എം. ആർട്സ് കോളേജിൽ മത്സ്യക്കൂടുകൃഷി രണ്ടാംഘട്ടം ആരംഭിച്ചു




ടി.കെ.എം. ആർട്സ് കോളേജ് സുവോളജി വിഭാഗം നടത്തിവരുന്ന മത്സ്യക്കൂടുകൃഷിയുടെ രണ്ടാംഘട്ടത്തിൽ അഷ്ടമുടിക്കായലിൽ വിത്ത് നിക്ഷേപിക്കുന്നു

**കരിക്കോട്** ▸ 'പഠനത്തോടൊപ്പം സമ്പാദ്യം' പദ്ധതിയുടെ ഭാഗമായി ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സുവോളജി വിഭാഗം നടത്തിവരുന്ന മത്സ്യക്കൂടുകൃഷിയുടെ രണ്ടാംഘട്ട വിത്ത് നിക്ഷേപം അഷ്ടമുടിക്കായലിൽ നടത്തി. സി.എം.എഫ്.ആർ.ഐ.യുടെ ആദ്യ സ്റ്റുഡന്റ് പ്രോജക്ടും കോളേജിന്റെ ആദ്യ സ്റ്റുഡന്റ് സ്റ്റാർട്ടപ്പുമാണ് മത്സ്യക്കൂടുകൃഷി. രണ്ടാംഘട്ട വിത്ത് നിക്ഷേപം കോളേജ് ഐ.ക്യു.എ.സി. കോ-ഓർഡിനേറ്റർ സുമലക്ഷ്മി നിർവഹിച്ചു. സി.എം.എഫ്.ആർ.ഐ. ടെക്നിക്കൽ അസിസ്റ്റന്റ് രാജു, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ രോഹിണി കൃഷ്ണ, മുംതാസ്, ശാലിനി, മുഹമ്മദ് മുസ്തഫ എന്നിവർ പങ്കെടുത്തു.

*15-2-2023, Mathrubhumi, Page 2.*



തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണച്ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ എംപി മുഖ്യപ്രഭാഷണം നടത്തുന്നു. ഖാജ മുസല്യാർ, ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ഡോ. ഗോപിനാഥ് മുതുകാട്, ടികെഎം ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസല്യാർ, പുരസ്കാര ജേതാക്കളായ എം.കെ.നാരായണൻ, ഡോ.എം.ഐ.സഹദുല്ല എന്നിവർ സമീപം. ചിത്രം: മനോരമ

# തങ്ങൾ കുഞ്ഞ് മുസല്യാരുടേത് ഉലയാത്ത കർമധീരത: രാജ്മോഹൻ ഉണ്ണിത്താൻ

കൊല്ലം ● സമൂഹത്തിനും പ്രദേശത്തിനും ഒരുപോലെ പ്രതീക്ഷ നൽകിയ നേതാവായിരുന്നു തങ്ങൾ കുഞ്ഞ് മുസല്യാർ എന്ന് രാജ്മോഹൻ ഉണ്ണിത്താൻ എംപി. വ്യവസായ പ്രമുഖനും ടികെഎം ട്രസ്റ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപകനുമായ തങ്ങൾ കുഞ്ഞ് മുസല്യാർ അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇച്ഛാശക്തിയും ഉലയാത്ത കർമധീരതയുമാണ് അദ്ദേഹത്തിന്റെ സവിശേഷതകളെന്നും രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞു.

ടികെഎം ട്രസ്റ്റ് ചെയർമാൻ ഡോ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. മുൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എം.കെ. നാരായണൻ, കിംസ് ഹെൽത്ത് കെയർ ഇന്ത്യ സിഎംഡി ഡോ. എം.ഐ.സഹദുല്ല എന്നിവർക്ക് ഈ വർഷത്തെ തങ്ങൾ കുഞ്ഞ് മുസല്യാർ പുരസ്കാരം ഡോ.ഷഹാൽ ഹസ്സൻ മുസല്യാർ സമ്മാനിച്ചു.

ഡോ.ഗോപിനാഥ് മുതുകാട് അനുസ്മരണ പ്രഭാഷണം നടത്തി. ടികെഎം ട്രസ്റ്റ് ട്രഷറർ ടി.കെ.ജലാലുദ്ദീൻ മുസല്യാർ, ടികെഎം സ്കൂൾ ഓഫ് ആർക്കിടെക്ചർ അഡ്മിനിസ്ട്രേറ്റർ ഖാജ മുസല്യാർ എന്നിവർ പ്രസംഗിച്ചു.

***20-2-2023 Malayala Manorama, ,Page 3***








*തങ്ങൾകുഞ്ഞ് മുസ്‌ലിയാർ അനുസ്മരണ ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യപ്രഭാഷണം നടത്തുന്നു*

# തങ്ങൾകുഞ്ഞ് മുസ്‌ലിയാരുടേത് വിലമതിക്കാനാകാത്ത സംഭാവനകൾ -രാജ്മോഹൻ ഉണ്ണിത്താൻ

● സമഗ്ര സംഭാവന പുരസ്കാരം വിതരണം ചെയ്തു

**കൊല്ലം:** വ്യവസായ പ്രമുഖനും ടി.കെ.എം ട്രസ്റ്റ് സ്ഥാപകനുമായ തങ്ങൾ കുഞ്ഞ് മുസ്‌ലിയാരുടെ അനുസ്മരണവും അദ്ദേഹത്തിന്റെ പേരിലുള്ള സമഗ്ര സംഭാവന പുരസ്കാര വിതരണവും നടന്നു.

ടി.കെ.എം എൻജിനീയറിങ് കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസരംഗത്തും വിജ്ഞാനരംഗത്തും വ്യവസായരംഗത്തും വിലമതിക്കാനാകാത്ത സംഭാവനകളാണ് തങ്ങൾ കുഞ്ഞ് മുസ്‌ലിയാർ നൽകിയതെന്ന് അദ്ദേഹം പറഞ്ഞു.

ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ അധ്യക്ഷതവഹിച്ചു. മാജിക്കൽ സയൻസ് അക്കാദമി ഡയറക്ടർ ഗോപിനാഥ് മുതുകാട് തങ്ങൾ കുഞ്ഞ് മുസ്‌ലിയാർ അനുസ്മരണ പ്രഭാഷണം നടത്തി.

തങ്ങൾ കുഞ്ഞ് മുസ്‌ലിയാർ സമഗ്ര സംഭാവന പുരസ്കാര ജേതാക്കളായ ബംഗാൾ മുൻ ഗവർണറും ദേശീയ സുരക്ഷാ മുൻ ഉപദേഷ്ടാവുമായ എം.കെ. നാരായണൻ, കിംസ് ഗൾഫ് കെയർ ഇന്ത്യയുടെയും കോർപറേഷൻ കൗൺസിലിന്റെ ഡയറക്ടറുമായ ഡോ. എം.ഐ. സഹദുള്ള, ജെമിനി സർക്കസ് ചെയർമാൻ എം.വി. ശങ്കരൻ എന്നിവർക്ക് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ പുരസ്കാരങ്ങൾ നൽകി.

ടി.കെ.എം ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസ്‌ലിയാർ, ടി.കെ.എം സ്കൂൾ ഓഫ് ആർക്കിടെക്ചർ അഡ്മിനിസ്ട്രേറ്റർ ഖാജാ മുസ്‌ലിയാർ എന്നിവർ പങ്കെടുത്തു.

*21-2-2023*
*Madhyamam, Page 3*





# തങ്ങൾകുഞ്ഞ് മുസലിയാരുടേത് വിലമതിക്കാത്ത സംഭാവനകൾ -രാജ്മോഹൻ ഉണ്ണിത്താൻ




തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണം രാജ്മോഹൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു

## സമഗ്രസംഭാവനാ പുരസ്കാരം വിതരണം ചെയ്തു

**കൊല്ലം** ▸ വ്യവസായപ്രമുഖനും ടി.കെ.എം.ട്രസ്റ്റ് സ്ഥാപകനുമായ തങ്ങൾകുഞ്ഞ് മുസലിയാരുടെ അനുസ്മരണവും അദ്ദേഹത്തിന്റെ പേരിലുള്ള സമഗ്രസംഭാവനാ പുരസ്കാരവിതരണവും നടന്നു.

ടി.കെ.എം. എൻജിനിയറിങ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ എം.പി. മുഖ്യപ്രഭാഷണം നടത്തി.വിദ്യാഭ്യാസരംഗത്തും വിജ്ഞാനരംഗത്തും വ്യവസായരംഗത്തും വിലമതിക്കാത്ത സംഭാവനകളാണ് തങ്ങൾകുഞ്ഞ് മുസലിയാർ നൽകിയതെന്നും അദ്ദേഹം പറഞ്ഞു. ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷനായി.

മാജിക്കൽ സയൻസ് അക്കാദമി ഡയറക്ടർ ഗോപിനാഥ് മുതുകാട് തങ്ങൾകുഞ്ഞ് മുസലിയാർ അനുസ്മരണപ്രഭാഷണം നടത്തി.

തങ്ങൾകുഞ്ഞ് മുസലിയാർ സമഗ്രസംഭാവനാ പുരസ്കാരജേതാക്കളായ ബംഗാൾ മുൻ ഗവർണറും ദേശീയ സുരക്ഷാ മുൻ ഉപദേഷ്ടാവുമായ എം.കെ.നാരായണൻ, കിംസ് ഹെൽത്ത് കെയർ ഇന്ത്യയുടെയും ഗൾഫ് കോർപ്പറേഷൻ കൗൺസിലിന്റെയും ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം.ഐ.സഹദുള്ള, ജെമിനി സർക്കസ് സ്ഥാപകൻ എം.വി.ശങ്കരൻ എന്നിവർക്ക് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസലിയാർ പുരസ്കാരങ്ങൾ നൽകി.' ടി.കെ.എം.ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ, ടി.കെ.എം. സ്കൂൾ ഓഫ് ആർക്കിടെക്ചർ അഡ്മിനിസ്ട്രേറ്റർ ഖാജാ മുസലിയാർ എന്നിവർ പങ്കെടുത്തു.

**20-2-2023 Mathrubhumi, Page 9**

# തങ്ങൾ കുഞ്ഞ് മുസലിയാർ അനുസ്മരണവും പുരസ്കാര വിതരണവും

കൊല്ലം: വ്യവസായ പ്രമുഖനും ടികെഎം ട്രസ്റ്റ് സ്ഥാപകനുമായ തങ്ങൾ കുഞ്ഞ് മുസലിയാരുടെ അനുസ്മരണവും അദ്ദേഹത്തിന്റെ പേരിലുള്ള സമഗ്രസംഭാവന പുരസ്കാര വിതരണവും നടന്നു.

ടികെഎം എൻജിനീയറിങ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ രാജ്മോഹൻ ഉണ്ണിത്താൻ എംപി മുഖ്യപ്രഭാഷണം നടത്തി. ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസലിയാർ അധ്യക്ഷനായി. ഗോപിനാഥ് മുതുകാട് തങ്ങൾ കുഞ്ഞ് മുസലിയാർ അനുസ്മരണ പ്രഭാഷണം നടത്തി.

തങ്ങൾ കുഞ്ഞ് മുസലിയാർ സമഗ്ര സംഭാവന പുരസ്കാര ജേതാക്കളായ ബംഗാൾ മുൻ ഗവർണറും ദേശീയ സുരക്ഷാ മുൻ ഉപദേഷ്ടാവുമായ എം കെ നാരായണൻ, കോർപ്പറേഷൻ കിംസ്




തങ്ങൾകുഞ്ഞ് മുസലിയാരുടെ അനുസ്മരണ യോഗത്തിൽ രാജ്മോഹൻ ഉണ്ണിത്താൻ എംപി സംസാരിക്കുന്നു

ഹെൽത്ത് കെയർ ഇന്ത്യയുടെയും ഗൾഫ് കൗൺസിലിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എം ഐ സഹദുള്ള, ജെമിനി സർക്കസ് സ്ഥാപകൻ എം വി ശങ്കരൻ എന്നിവർക്ക് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസലിയാർ പുരസ്കാരങ്ങൾ നൽകി. ടികെഎം ട്രസ്റ്റ് ട്രഷറർ ടി കെ ജലാലുദ്ദീൻ മുസലിയാർ, ടികെഎം സ്കൂൾ ഓഫ് ആർക്കിടെക്ചർ അഡ്മിനിസ്ട്രേറ്റർ ഖാജാ മുസലിയാർ എന്നിവർ പങ്കെടുത്തു.

**21.2.2023 Janayugam**





ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടന്ന ഗവേഷണ ശിൽപശാല കേരള സർവകലാശാല അക്കാദമിക് ആൻഡ് റിസർച് സ്റ്റാൻഡിങ് കമ്മിറ്റി കൺവീനറും സിൻഡിക്കറ്റംഗവുമായ ഡോ .എസ്.നസീബ് ഉദ്ഘാടനം ചെയ്യുന്നു. ഡോ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. കേരള യൂണിവേഴ്സിറ്റി റജിസ്ട്രാർ ഡോ .കെ.എസ്.അനിൽകുമാർ, ഡോ.ഇ.ഷാജി, ഡോ.ജി.എം.നായർ, ഡോ .എസ്.അയ്യൂബ്, ജലാലുദ്ദീൻ മുസല്യാർ, ഡോ.ചിത്ര ഗോപിനാഥ്, ഡോ .എസ്.അനസ് എന്നിവർ പ്രസംഗിച്ചു.

**05.03.2023**

**Malayala Manorama,**

**Page 3**

## അപേക്ഷ ക്ഷണിച്ചു

**കൊല്ലം** ▸കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്ലസ്ടു/പി.ഡി.സി. ആണ് യോഗ്യത. കോളേജ് ഓഫീസിൽനിന്ന് അപേക്ഷാ ഫോറം ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം 31-നു മുമ്പ് നൽകണം. വിവരങ്ങൾക്ക് ഫോൺ: 9746805470.

**3.3.23 Mathrubhumi .p 9**

## അപേക്ഷ ക്ഷണിച്ചു

**കൊല്ലം**

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നു. സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് പ്ലസ് ടു/ പിഡിസി ആണ് യോഗ്യത. കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോം വാങ്ങി പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. അവസാന തീയതി 31. ഫോൺ : 9746805470.

**3.3.2023 Deshabimani P4**

# 'പൊന്മണി' അരി വിപണിയിലിറക്കി ടി.കെ.എം കോളജ് എൻ.എസ്.എസ്

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ് വിദ്യാർഥികൾ ജൈവകൃഷിരീതിയിൽ ഉൽപാദിപ്പിച്ച നെല്ല് 'പൊന്മണി' എന്ന പേരിൽ കുത്തരിയായി വിപണിയിലിറക്കി. ആദ്യ വിൽപന പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസിന് നൽകി നിർവഹിച്ചു. കൊറ്റങ്കര ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായത്തോടെ എൻ.എസ്.എസ് വളണ്ടിയർമാർ മാമ്പുഴ ഏലയിലാണ് നെൽകൃഷിയിറക്കിയത്. രാസവളങ്ങളോ കീടനാശിനിയോ ഉപയോഗിക്കാതെ ജൈവരീതിയിൽ വിളയിച്ച നെല്ല് സംസ്കരിച്ച് അരിയാക്കിയാണ് വിപണിയിലെത്തിക്കുന്നത്. കൊറ്റങ്കര കാർഷിക കർമസേനയാണ് വിദ്യാർഥികൾക്ക് കൃഷിയിൽ പരിശീലനം നൽകുന്നത്. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, പഞ്ചായത്തംഗം ശ്രീജ സജീവ്, എൻ.എസ്.എസ് വളണ്ടിയർ സെക്രട്ടറി എ.എം. ഹിബ, പ്രോഗ്രാം ഓഫിസർ ഡോ. സുൽഫിയ സമദ്, ഡോ. മുഹമ്മദ് റഫീഖ് എന്നിവർ സംസാരിച്ചു.



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ് വിദ്യാർഥികൾ ജൈവകൃഷി രീതിയിലൂടെ ഉൽപാദിപ്പിച്ച 'പൊന്മണി' അരിയുടെ ആദ്യവിൽപന പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് കൊറ്റങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസിന് നൽകി നിർവഹിക്കുന്നു

***30.3.23 Madhyamam Page 4***



Jomon
(TKM College, Kollam)

**Jomon and Nayana emerge the best athletes**

THIRUVANANTHAPURAM: LNCPE, Kariyavattom (149 points) won the overall title in the 84th Kerala University inter-collegiate athletic meet here on Friday.

Jomon Joy (TKM College, Kollam) and Nayana Jose (SN College, Chempazanthy) were chosen as the best athletes



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടന്ന തണ്ണീർത്തട സംരക്ഷണ പരിശീലനത്തിൽ പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് പ്രസംഗിക്കുന്നു.

***9.11.2023 Manorama P2***

# പൊന്മണി അരി വിപണിയിലെത്തിച്ച് ടി.കെ.എം. എൻ.എസ്.എസ്. യൂണിറ്റ്

**കൊല്ലം ▸** ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ്. വിദ്യാർഥികൾ ജൈവ കൃഷിരീതിയിലൂടെ ഉത്പാദിപ്പിച്ച നെല്ല് 'പൊന്മണി' എന്ന പേരിൽ കുത്തരിയായി വിപണിയിലിറക്കി.

പൊന്മണിയുടെ ആദ്യവിൽപ്പന പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസിന് നൽകി നിർവഹിച്ചു. കൊറ്റങ്കര പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹായത്തോടെ എൻ.എസ്.എസ്. വൊളന്റിയർമാർ മാമ്പുഴ ഏലയിലാണ് നെൽക്കൃഷിയിറക്കിയത്. രാസവളങ്ങളോ കീടനാശിനിയോ ഉപയോഗിക്കാതെ പൂർണമായും ജൈവരീതിയിൽ വിളയിച്ച നെല്ല് സംസ്കരിച്ച് അരിയാക്കിയാണ് വിപണിയിലെത്തിക്കുന്നത്. കൊറ്റങ്കര കാർഷിക കർമസേനയാണ് വിദ്യാർഥികൾക്ക് കൃഷിയിൽ പരിശീലനം നൽകുന്നത്.



▶ ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻ.എസ്.എസ്. വിദ്യാർഥികൾ ഉത്പാദിപ്പിച്ച പൊന്മണി കുത്തരിയുടെ ആദ്യവിൽപ്പന പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസിന് നൽകി നിർവഹിക്കുന്നു

വിദ്യാർഥികൾക്ക് കൃഷിരീതികൾ പരിചയപ്പെടാനും പഠനത്തോടൊപ്പം വരുമാനമുണ്ടാക്കാനുമാണ് നെൽക്കൃഷി നടത്തിയതെന്ന് പ്രിൻസിപ്പൽ പറഞ്ഞു. മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, വാർഡ് അംഗം ശ്രീജ സജീവ്, എൻ.എസ്.എസ്. വൊളന്റിയർ സെക്രട്ടറി ഹിബ, പ്രോഗ്രാം ഓഫീസർ ഡോ. സുൽഫിയ സമദ്, ഡോ. മുഹമ്മദ് റഫീഖ് എന്നിവർ സംസാരിച്ചു.

***30.03.23 Mathrubhumi  Page 2***

# ചിപ്പിക്കൃഷി വിളവെടുത്തു

**കൊല്ലം**

വിദ്യാർഥികളിൽ തൊഴിൽനൈപുണ്യ വികസനം പ്രാപ്തമാക്കുന്നതിനായി ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വിഭാഗവും സിഎംഎഫ്ആർഐയും ചേർന്ന് നടപ്പിലാക്കിയ സ്റ്റുഡന്റ് സ്റ്റാർട്ടപ് പദ്ധതിയായ ചിപ്പിക്കൃഷിയുടെ വിളവെടുപ്പ് വെള്ളിമൺ കായലിൽ നടത്തി.

സിഎംഎഫ്ആർഐ സാങ്കേതിക വിദഗ്ധരായ രാജു, ശാലിനി, പ്രോഗ്രാം കോ–ഓർഡിനേറ്റർ ഡോ. രോഹിണി കൃഷ്ണ, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, അധ്യാപിക ഡോ. മുംതാസ്, എന്നിവർ പങ്കെടുത്തു.

***17-6-2023 Deshabhimani, Page -04***



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻഎസ്എസ് വിദ്യാർഥികൾ ജൈവ കൃഷി രീതിയിലൂടെ ഉൽപാദിപ്പിച്ച നെല്ല് 'പൊന്മണി'യുടെ ആദ്യ വിൽപന പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസിനു നൽകി നിർവഹിക്കുന്നു.

# വിദ്യാർഥികൾ ഉൽപാദിപ്പിച്ച നെല്ല് വിപണിയിൽ

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എൻഎസ്എസ് വിദ്യാർഥികൾ ജൈവ കൃഷി രീതിയിലൂടെ ഉൽപാദിപ്പിച്ച നെല്ല് 'പൊന്മണി' എന്ന പേരിൽ കുത്തരിയായി വിപണിയിൽ ഇറക്കി.

ആദ്യ വിൽപന പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസിനു നൽകി നിർവഹിച്ചു.

കൊറ്റങ്കര പഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ സഹായത്തോടെ എൻഎസ്എസ് വൊളന്റിയർമാർ മാമ്പുഴ ഏലായിലാണു നെൽക്കൃഷി ഇറക്കിയത്. പൂർണമായും ജൈവകൃഷി രീതിയിൽ വിളയിച്ച നെല്ല് സംസ്കരിച്ച് അരിയാക്കിയാണു വിപണിയിൽ എത്തിക്കുന്നത്.

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, വാർഡ് അംഗം ശ്രീജ സജീവ്, എൻഎസ്എസ് വൊളന്റിയർ സെക്രട്ടറി എ.എം.ഹിബ, എൻഎസ്എസ് പ്രോഗ്രാം ഓഫിസർ ഡോ.സുൽഫിയ സമദ്, ഡോ.മുഹമ്മദ് റഫീഖ് എന്നിവർ പ്രസംഗിച്ചു.

***30.3.23 Malayala Manorama Page 18***




ലോക മാനസികാരോഗ്യദിനത്തോടനുബന്ധിച്ച് ടി.കെ.എം കോളജിൽ നടന്ന ബോധവത്കരണ പരിപാടി പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു

***_13.10.2023 Madhyamam. Page 4***


ക്യാമ്പസ് ഡയറി

# ഉയരെ ഹലീമ

സ്വന്തം ലേഖകൻ

കൊല്ലം

നൂറ്റിയിരുപത് സെന്റിമീറ്ററാണ് ഹലീമയുടെ ഉയരം. എന്നാൽ, സ്വപ്നങ്ങൾക്ക് കൊടുമുടിയോളം പൊക്കമുണ്ട്. അതിലേക്കുള്ള ഓരോ പടിയും അവൾ പുഞ്ചിരിയോടെ കീഴടക്കുന്നു. ലോക്കോമോട്ടോർ ഡിസബിലിറ്റിയിലും ആത്മവിശ്വാസമാണ് ചന്ദനത്തോപ്പ് ചരുവിള പുത്തൻവീട്ടിൽ എ ഹലീമയുടെ കൈമുതൽ. കേരള സർവകലാശാലയുടെ മികച്ച എൻഎസ്എസ് വളന്റിയർക്കുള്ള അംഗീകാരം തേടിയെത്തിയതിനു പിന്നിലും ഈ ആത്മവിശ്വാസമാണ്. കൊല്ലം ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ മൂന്നാംവർഷ ബിഎസ്സി ഫിസിക്സ് വിദ്യാർഥിയാണ് ഹലീമ. കഴിഞ്ഞ വർഷം കോളേജ് യൂണിയൻ ഭാരവാഹിയുമായിരുന്നു. ലേഡി റെപ് ആയാണ് തെരഞ്ഞെടുത്തത്.



എ ഹലീമ

ഉയരങ്ങൾ കീഴടക്കുന്ന

ഹലീമയുടെ അടുത്ത ലക്ഷ്യം സിവിൽ സർവീസാണ്. ബിരുദ പഠനം പൂർത്തിയാകുന്നതോടെ ഇതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കും. ഉയരക്കുറവിന്റെ പേരിൽ ഒരിക്കലും വിഷമം തോന്നിയിട്ടില്ല. എപ്പോഴും പിന്തുണയുമായി ഒപ്പം നിൽക്കുന്ന കൂട്ടുകാരാണ് ഇതിനു കാരണമെന്നും ഹലീമ പറഞ്ഞു. സജീവ എസ്എഫ്ഐ പ്രവർത്തകയാണ്. അബ്ദുൾ ഗഫൂറിന്റെയും മുബീനയുടെയും മകളാണ്. സഹോദരി: ഹലീന.

***29.3.23 Deshabhimani Page 3***

# ശുചീകരണയത്നം സംഘടിപ്പിക്കും

കൊല്ലം ▸ സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരളയുടെ സഹകരണത്തോടെ ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വിഭാഗവും ഹ്യൂമൻ റൈറ്റ്സ് ഫോറവും ചേർന്ന് ശുചീകരണയത്നം സംഘടിപ്പിക്കും.

ആശ്രാമത്തെ തണ്ണീർത്തടങ്ങളിൽ തിങ്കളാഴ്ച രാവിലെ ഏഴുമുതൽ ഒൻപതുവരെ നടത്തുന്ന പരിപാടി കൊല്ലം കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്യും.

***5.6.2023 Mathrubhumi Page 2***

▸ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജിവകുപ്പും മനുഷ്യാവകാശ ഫോറവും സംസ്ഥാന തണ്ണീർത്തട അതോറിറ്റി–കേരളയുടെ സഹകരണത്തോടെ ആശ്രാമം ഭാഗത്തെ തണ്ണീർത്തടങ്ങളിലും വൃഷ്ടിപ്രദേശങ്ങളിലും ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ശേഖരിച്ച മാലിന്യങ്ങൾ കോർപ്പറേഷൻ ഹരിതകർമസേനയ്ക്ക് കൈമാറി. മേയർ പ്രസന്ന ഏണസ്റ്റ് പരിപാടി ഉദ്ഘാടനം ചെയ്തു.

***6-6-2023 Mathrubhumi, Page 2***



അമ്പലപ്പുഴയിൽ നടന്ന കേരള സർവകലാശാലാ യൂണിയൻ യുവജനോത്സവത്തിൽ വട്ടപ്പാട്ടിന് ഒന്നാം സ്ഥാനം നേടിയ കരിക്കോട് ടി.കെ.എം.ആർട്സ് കോളേജിലെ വിദ്യാർഥികൾ



അമ്പലപ്പുഴയിൽ നടന്ന കേരള സർവകലാശാലാ യുവജനോത്സവത്തിൽ കോൽക്കളിക്ക് ഒന്നാംസ്ഥാനം നേടിയ കരിക്കോട് ടി.കെ.എം.ആർട്സ് കോളേജിലെ വിദ്യാർഥികൾ

## അപേക്ഷ ക്ഷണിച്ചു

കൊല്ലം • കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ടികെഎം. കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

പ്ലസ് ടു/ പിഡിസി ആണ് യോഗ്യത. കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കോളജ് ഓഫിസിൽ നിന്ന് ഫോം വാങ്ങി പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളജിൽ നൽകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

31 ആണ് അവസാന തീയതി. വിവരങ്ങൾക്ക്: 9746805470

*12-5-2023*

***3.2023 Malayala Manorama P16***



കേരള സർവകലാശാല നടത്തിയ ബി.എസ്‌സി. ബയോകെമിസ്ട്രി പരീക്ഷയിൽ രണ്ടാംറാങ്ക് നേടിയ ഫാരിസ ഫാത്തിമ (ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കൊല്ലം)

***8.6.2023 Mathrubhumi Page 2***



അമ്പലപ്പുഴയിൽ നടന്ന കേരള സർവകലാശാല യുവജനോത്സവത്തിൽ കോൽക്കളിക്ക് ഒന്നാം സ്ഥാനം നേടിയ കരിക്കോട് ടികെഎം ആർട്സ് കോളജിലെ വിദ്യാർഥികൾ.



കേരള സർവകലാശാല യുവജനോത്സവത്തിൽ വട്ടപ്പാട്ടിന് ഒന്നാം സ്ഥാനം നേടിയ കരിക്കോട് ടികെഎം ആർട്സ് കോളജിലെ വിദ്യാർഥികൾ.

***12-5-2023 Malayala Manorama Page 2***

# ഗസ്റ്റ് ലക്ചറർ ഒഴിവ്

കൊല്ലം: ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഇംഗ്ലീഷ്, ഇസ്ലാമിക് ഹിസ്റ്ററി, ഹിസ്റ്ററി, മലയാളം, ഹിന്ദി, എക്കണോമിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. ബിരുദാനന്തര ബിരുദമാണ് യോഗ്യത. നെറ്റുള്ളവർക്ക് മുൻഗണന. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം. ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ സഹിതം tkmartsguest@gmail.com എന്ന ഇ - മെയിലിൽ 30നകം അയക്കണം.

ഫോൺ: 04742712240.

***16-05-2023,Keralakaumudi,***

# ഊർജസംരക്ഷണ സെമിനാർ

**കരിക്കോട്▸** ടി.കെ.എം. ആർട്സ് കോളേജിൽ ബോട്ടണി വിഭാഗവും നാച്ചുറൽ ക്ലബ്ബും സംയുക്തമായി ഊർജസംരക്ഷണവും കാര്യക്ഷമതയും എന്നവിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. വർക്കല എസ്.എൻ.കോളേജിലെ ബോട്ടണി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സി.ബൈജു വിഷയാവതരണം നടത്തി. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷതവഹിച്ചു. ഡോ. ബോബി ടി .എഡ്വിൻ സ്വാഗതവും ഡോ. ജിഷ നന്ദിയും പറഞ്ഞു. ഡോ. ജസിൻ റഹ്മാൻ, ഡോ. സംഗീത തുടങ്ങിയവർ സംബന്ധിച്ചു

***8.6.2023 Mathrubhumi Page 02***

## ഗസ്റ്റ് ലക്ചറർ ഒഴിവ്

**കൊല്ലം**

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ കണക്ക്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഇംഗ്ലീഷ്, ഇസ്ലാമിക് ഹിസ്റ്ററി, ഹിസ്റ്ററി, മലയാളം, ഹിന്ദി, എക്കണോമിക്സ് എന്നീ വിഷയങ്ങളിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമാണ് യോഗ്യത. നെറ്റ് പാസ്സായവർക്ക് മുൻഗണന. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഉദ്യോഗാർഥികൾ ബയോഡാറ്റയും വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ സഹിതം tkmartsguest@gmail.com എന്ന ഇ മെയിലിൽ 30ന് മുമ്പായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0474 2712240.

***16-05-2023 Deshabhimani, Page -2***

## ഒഴിവുകൾ

### അപേക്ഷ ക്ഷണിച്ചു

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഇംഗ്ലിഷ്, ഇസ്‌ലാമിക് ഹിസ്റ്ററി, ഹിസ്റ്ററി, മലയാളം, ഹിന്ദി, ഇക്കണോമിക്സ് വിഷയങ്ങളിൽ ഗെസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ കോപ്പികൾ സഹിതം ഇ-മെയിൽ വഴി അപേക്ഷ നൽകണം. അവസാന തീയതി 30. ഇ-മെയിൽ:tkmartsguest@gmail.com .0474 2712240.

***16-05-2023 Malayala Manorama, ,Page -2***

## അനുപമ ആനന്ദിനെ അനുമോദിച്ചു

കൊല്ലം ▸ കേരള സംസ്ഥാന സിവിൽ സർവീസ് അക്കാദമി (ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ്) കൊല്ലം സെൻററിൽ പഠിച്ച് സിവിൽ സർവീസ് പരീക്ഷയിൽ 434-ാം റാങ്ക് നേടിയ അനുപമ ആനന്ദിനെ അനുമോദിച്ചു. അക്കാദമി കോ-ഓർഡിനേറ്റർ സന്ധ്യ എസ്.നായരുടെ അധ്യക്ഷതയിൽ ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് പുരസ്കാരം നൽകി. അധ്യാപകരായ അനീസ എം.താഹ, കാർത്തിക് എസ്. എന്നിവർ പ്രസംഗിച്ചു.

***17-6-2023 Mathrubhumi, Page-2***

വിഷ്ണു ഉദ്ഘാടനംചെയ്തു. ഡിവൈ... പ്രസിഡന്റ് സരിത, ജോസഫ്, സംസാരിച്ചു.

# ആശ്രാമത്തെ തണ്ണീർത്തടങ്ങൾ ശുചീകരിച്ചു

**കൊല്ലം**



ആശ്രാമം ഭാഗത്തെ തണ്ണീർത്തടങ്ങളിലും വൃഷ്ടിപ്രദേശങ്ങളിലും സംഘടിപ്പിച്ച ശുചീകരണയജ്ഞത്തിൽ പങ്കെടുത്തവർ

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വകുപ്പും മനുഷ്യാവകാശ ഫോറവും സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരളയുടെ സഹകരണത്തോടെ ആശ്രാമം ഭാഗത്തെ തണ്ണീർത്തടങ്ങളിലും വൃഷ്ടിപ്രദേശങ്ങളിലും ശുചീകരണയജ്ഞം സംഘടിപ്പിച്ചു. ശേഖരിച്ച മാലിന്യങ്ങൾ കോർപറേഷൻ ഹരിതകർമ സേനയ്ക്ക് കൈമാറി. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി പ്രധാനമന്ത്രിയുമായി ലൈവ് സ്ട്രീമിങ് നടത്തി. തണ്ണീർത്തട സംരക്ഷണ പ്രവർത്തനത്തിൽ പങ്കാളികളാകാൻ വിദ്യാർഥികൾ തണ്ണീർത്തട മിത്ര ക്ലബ്ബിൽ അംഗത്വം എടുത്തു. മേയർ പ്രസന്ന ഏണസ്റ്റ് ശുചീകരണയജ്ഞം ഉദ്ഘാടനംചെയ്തു. സുവോളജി വിഭാഗം മേധാവി ജസിൻ റഹ്മാൻ, അധ്യാപകരായ മുംതാസ്, രോഹിണി കൃഷ്ണ, സംസ്ഥാന തണ്ണീർത്തട അതോറിറ്റി കൊല്ലം കോ–ഓർഡിനേറ്റർ ജ്യൂണെറ്റ് എന്നിവർ സംസാരിച്ചു.

**ദേശാഭിമാനി** Tue, 06 June 2023
https://epaper.deshabhimani.com/c/72614503

## അനുപമ ആനന്ദിനെ അനുമോദിച്ചു

**കൊല്ലം**


കേരള സംസ്ഥാന സിവിൽ സർവീസ് അക്കാദമി (ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ്)കൊല്ലം സെന്ററിൽ പഠിച്ച് സിവിൽ സർവീസ് പരീക്ഷയിൽ 434–ാം റാങ്ക് നേടിയ അനുപമ ആനന്ദിനെ കൊല്ലം സെന്റർ അനുമോദിച്ചു. അക്കാദമി കോ –ഓർഡിനേറ്റർ സന്ധ്യ എസ് നായർ അധ്യക്ഷയായി. ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ് പുരസ്കാരം നൽകി. അധ്യാപകരായ അനീസ എം താഹ, എസ് കാർത്തിക് എന്നിവർ സംസാരിച്ചു.

**17-6-2023 Deshabhimani, Page -4**



കേരള സർവകലാശാല ബി.എസ്.സി (സി.ബി.സി.എസ്.എസ്.) ബയോകെമിസ്ട്രി പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ഫാരിസ ഫാത്തിമ (ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, കൊല്ലം)

**8-6-2023 Madhyamam, Page -2**



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വിഭാഗവും സി.എം.എഫ്.ആർ.ഐയും ചേർന്നുള്ള ചിപ്പികൃഷിയുടെ വിളവെടുപ്പ് വെള്ളിമൺ കായലിൽ നടത്തിയപ്പോൾ

# ചിപ്പികൃഷി വിളവെടുപ്പ്

**വെള്ളിമൺ:** വിദ്യാർഥികളിലെ തൊഴിൽ നൈപുണ്യവികസനം ലക്ഷ്യമിട്ട് കരിക്കോട് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വിഭാഗവും സി.എം.എഫ്.ആർ.ഐ.യും ചേർന്ന് ആവിഷ്കരിച്ച സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പ് പദ്ധതിയായ ചിപ്പി കൃഷിയുടെ വിളവെടുപ്പ് വെള്ളിമൺ കായലിൽ നടത്തി. കോളജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ് ആദ്യ വിൽപന ഉദ്ഘാടനം ചെയ്തു.

സി.എം.എഫ്.ആർ.ഐ സാങ്കേതികവിദഗ്ധരായ രാജു, ശാലിനി, പ്രോഗ്രാം കോ ഓഡിനേറ്റർ ഡോ. രോഹിണികൃഷ്ണ, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, അധ്യാപിക ഡോ. മുംതാസ് എന്നിവർ പങ്കെടുത്തു.

***19-6-2023, Madhyamam, Page-4***

## ചിപ്പിക്കൃഷി വിളവെടുപ്പ്

കൊല്ലം● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വിഭാഗവും സിഎംഎഫ്ആർഐയും ചേർന്ന് നടപ്പിലാക്കിയ സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് പദ്ധതിയായ ചിപ്പിക്കൃഷിയുടെ വിളവെടുപ്പ് വെള്ളിമൺ കായലിൽ നടത്തി. ഫിഷറീസ് വകുപ്പ് ഡയറക്ടർ അധീല അബ്ദുല്ലയായിരുന്നു പദ്ധതിയുടെ വിത്ത് നിക്ഷേപം നടത്തിയത്. സിഎംഎഫ്ആർഐ സാങ്കേതിക വിദഗ്ധർ രാജു, ശാലിനി, പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ.രോഹിണി കൃഷ്ണ, സുവോളജി വിഭാഗം മേധാവി ഡോ.ജസിൻ റഹ്മാൻ, അധ്യാപിക ഡോ.മുംതാസ് തുടങ്ങിയവർ നേതൃത്വം നൽകി.

***16-6-2023, Malayala Manorama, Page-2***



# സിവിൽ സർവീസസ്: പ്രധാനം സ്ഥിരതയാർന്ന പരിശ്രമം -മെറിൻ ജോസഫ്



മാതൃഭൂമിയും ഗോകുലം സീക്ക് ഐ.എ.എസ്. അക്കാദമിയും സംയുക്തമായി കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ സംഘടിപ്പിച്ച സിവിൽ സർവീസസ് സ്കോളർഷിപ്പ് പരീക്ഷയ്ക്കെത്തിയ വിദ്യാർഥികളുമായി കൊല്ലം സിറ്റി പോലീസ് കമ്മിഷണർ മെറിൻ ജോസഫ് സംവദിക്കുന്നു

കൊല്ലം ▸ സ്ഥിരതയാർന്ന പരിശ്രമമാണ് സിവിൽ സർവീസസ് പരീക്ഷയ്ക്കായി തയ്യാറെടുക്കുമ്പോൾ ഏറ്റവും പ്രധാനമെന്ന് സിറ്റി പോലീസ് കമ്മിഷണർ മെറിൻ ജോസഫ്. മാതൃഭൂമിയും ഗോകുലം സീക്ക് ഐ.എ.എസ്. അക്കാദമിയും ചേർന്നു നടത്തുന്ന I Am Sure About The Future സിവിൽ സർവീസസ് സ്കോളർഷിപ്പ് പരീക്ഷയുടെ ജില്ലാതല ഉദ്ഘാടനം കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു അവർ.

ഐച്ഛികവിഷയം തിരഞ്ഞെടുക്കുന്നതാണ് തയ്യാറെടുപ്പിലേക്ക് കടക്കുമ്പോഴുള്ള ആദ്യപടി. ഇതിൽ വളരെ ശ്രദ്ധ വേണം. സിവിൽ സർവീസസ് കടമ്പ കടക്കാൻ എളുപ്പമുള്ള വിഷയം എന്നതിലുപരി നിങ്ങളുടെ അഭിരുചിയും താത്പര്യവുമാണ് പരിഗണിക്കേണ്ടത്. പത്രവായന ഒഴിച്ചുനിർത്തരുത്. മികച്ച തയ്യാറെടുപ്പുകളോടെ മുന്നോട്ടു പോയാലും ആദ്യതവണതന്നെ വിജയം കൈവരിക്കാൻ കഴിയണമെന്നില്ല. മനസ്സ് ലക്ഷ്യത്തിൽത്തന്നെ ഉറപ്പിച്ച് പരിശ്രമം തുടരണം. നിശ്ചയദാർഢ്യത്തോടെ മുന്നോട്ടു പോയാൽ സിവിൽ സർവീസസ് കൈക്കലാക്കൽ ആർക്കും അസാധ്യമല്ല. പരീക്ഷജയിച്ച് ജോലിയിൽ പ്രവേശിച്ചാലും വ്യവസ്ഥിതിയെ അട്ടിമറിക്കാനല്ല, മറിച്ച് വ്യവസ്ഥിതിക്കുള്ളിൽനിന്ന് മികച്ച സേവനം പ്രദാനം ചെയ്യുകയാകണം നമ്മുടെ ലക്ഷ്യമെന്നത് എപ്പോഴും മനസ്സിലുണ്ടാകണം. പരീക്ഷയെഴുതുമ്പോഴുള്ള സമയവിനിയോഗത്തിലെ തന്റെ വിജയമന്ത്രങ്ങളും പരീക്ഷാനുഭവങ്ങളും തുടർന്ന് മെറിൻ ജോസഫ് കുട്ടികളുമായി പങ്കുവെച്ചു.

ഗോകുലം സീക്ക് ഐ.എ.എസ്. അക്കാദമി എം.ഡി. കെ.സംഗീത്, മാതൃഭൂമി പബ്ലിക് റിലേഷൻസ് ജനറൽ മാനേജർ കെ.ആർ.പ്രമോദ്, ഷാന നസ്രിൻ, ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, മാതൃഭൂമി കൊല്ലം സീനിയർ റിജണൽ മാനേജർ എൻ.എസ്.വിനോദ്കുമാർ തുടങ്ങിയവർ സംസാരിച്ചു.

തുടർന്ന് കുട്ടികൾക്കായി സ്കോളർഷിപ്പ് പരീക്ഷ നടത്തി. വിവിധ കേന്ദ്രങ്ങളിൽ നടത്തുന്ന പരീക്ഷയിൽ മികച്ച വിജയം നേടുന്ന 50 പേർക്ക് ഗോകുലം സീക്ക് ഐ.എ.എസ്. അക്കാദമിയിൽ പരിശീലനത്തിന് സ്കോളർഷിപ്പ് നൽകും.

GOKULAM Seek IAS
STRATEGISE
LEARN
CRACK

**22-6-2023, Mathrubhumi, Page -5**

## Students harvest mussels from Ashtamudi lake

Kollam: The harvest of mussels under the student mussel farming startup project of TKM College of Arts and Science was conducted at the Vellimon sector of Ashtamudi lake in Kollam on Thursday. The project is being implemented by the institution's zoology department in association with the Central Marine Fisheries Research Institute (CMFRI) to enable vocational skill development among students. Adeela Abdulla, director, department of fisheries, launched the project in December last year. CMFRI technical experts, programme coordinator Rohini Krishna, head of the zoology department Jasin Rahman, assistant professor Mumthas Y and student members of the project participated.

**16-6-2023 The New Indian Express, Page -2**




രാജ്യാന്തര യുവജന ദിനത്തിന്റെ ഭാഗമായി കിംസ് ഹോസ്പിറ്റൽ കൊല്ലം, ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എന്നിവ ചേർന്നു സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടിയിൽ നിന്ന്.

**13-8-2023, Malayala Manorama, Page 2**

# അന്താരാഷ്ട്ര യുവജന ദിനാചരണം

**കൊല്ലം:** അന്താരാഷ്ട്ര യുവജന ദിനാചരണത്തിന്റെ ഭാഗമായി കിംസ് ഹോസ്പിറ്റൽ കൊല്ലവും, ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസും ചേർന്ന് 'സേവനമാണ് ലഹരി' എന്ന തലക്കെട്ടിൽ ലഹരി വിരുദ്ധ ബോധവത്കരണ സെമിനാർ നടത്തി. കൊല്ലം കിംസ് സി.ഇ.ഒ ഡോ. പ്രിൻസ് വർഗീസ് ഉദ്ഘാടനം ചെയ്തു. ടി.കെ.എം കോളജ് ബയോകെമിസ്ട്രി വിഭാഗം അധ്യാപകരായ ഡോ.എ.എസ്. സുമയ്യ, ഡോ. പി.എൻ. അൻസിൽ എന്നിവർ നേതൃത്വം നൽകി.

## തണ്ണീർത്തടങ്ങൾ ശുചീകരിച്ചു

കൊല്ലം● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സുവോളജി വകുപ്പും മനുഷ്യാവകാശ ഫോറവും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ സഹകരണത്തോടെ ആശ്രാമം ഭാഗത്തെ തണ്ണീർത്തടങ്ങളിലും വൃഷ്ടി പ്രദേശങ്ങളിലും ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. ശേഖരിച്ച മാലിന്യങ്ങൾ കോർപറേഷൻ ഹരിത കർമ സേനയ്ക്ക് കൈമാറി. ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി പ്രധാനമന്ത്രിയുമായി ലൈവ് സ്ട്രീമിങ്ങും നടത്തി. കോർപറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. സുവോളജി വിഭാഗം മേധാവി ഡോ.ജസിൻ റഹ്മാൻ, അധ്യാപികമാരായ ഡോ.മുംതാസ്, ഡോ.രോഹിണി കൃഷ്ണ, സംസ്ഥാന തണ്ണീർത്തട അതോറിറ്റി കൊല്ലം കോഓർഡിനേറ്റർ ഡോ.ജുനൈദ് എന്നിവർ പ്രസംഗിച്ചു.

*6-6-2023 Malayala Manorama, Page-2*

## ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി

കൊല്ലം ● രാജ്യാന്തര യുവജന ദിനത്തിന്റെ ഭാഗമായി കിംസ് ഹോസ്പിറ്റൽ കൊല്ലം, ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് എന്നിവ ചേർന്ന് ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.

കൊല്ലം കിംസ് ഹോസ്പിറ്റൽ സിഇഒ ഡോ.പ്രിൻസ് വർഗീസ് ഉദ്ഘാടനം ചെയ്തു. ടികെഎം കോളജ് ബയോകെമിസ്ട്രി വിഭാഗം അധ്യാപകരായ ഡോ.എ.എസ്.സുമയ്യ, ഡോ.പി.എൻ.അൻസിൽ എന്നിവർ നേതൃത്വം നൽകി.

*13-8-2023, Malayala Manorama, Page 2*

# അന്തർദേശീയ വിജയലക്ഷ്യവുമായി മുകുന്ദ്




എം അനിൽ

കൊല്ലം

സ്കൂൾ ഡേയിൽ ലോങ്ജമ്പ് മത്സരത്തിൽ ലഭിച്ച രണ്ടാംസ്ഥാനത്തുനിന്നാണ് മുകുന്ദിന്റെ തുടക്കം. പിന്നീട് ഓട്ടത്തിലും ചാട്ടത്തിലും നിരവധി മെഡലുകൾ വാരിക്കൂട്ടി. ചണ്ഡിഗഡിൽ ഒക്ടോബർ 29ന് നടക്കുന്ന അന്തർദേശീയ മത്സരത്തിലെ മിന്നും വിജയമാണ് ഇപ്പോൾ കൊല്ലം ടികെഎം ആർട്സ് കോളേജിൽ രണ്ടാം വർഷ എംഎ ഇംഗ്ലീഷ് വിദ്യാർഥിയായ ഈ ഇരുപത്തിരണ്ടുകാരന്റെ മനസ്സ് നിറയെ. അതിനായുള്ള കഠിന പരിശീലനത്തിലാണിപ്പോൾ. പാരിപ്പള്ളി പേരൂർവീട്ടിൽ കർഷകനായ കെ ജയകുമാറിന്റെയും എസ് ദീപയുടെയും ഏക മകനായ എ ഡി മുകുന്ദ് കോളേജിന്റെയും അഭിമാനമാണ്. ഒന്നുമുതൽ പത്താം ക്ലാസുവരെ പഠിച്ചത് ചാത്തന്നൂർ വിമലാ സെൻട്രൽ സ്കൂളിൽ. അഞ്ചാംക്ലാസിൽ പഠിക്കവെ സ്കൂളിൽ ലോങ്ജമ്പിൽ പങ്കെടുത്ത് വിജയിയായത് തുടക്കം. തുടർന്ന് ജില്ലാ മീറ്റിലും പങ്കെടുത്തു. ആറാംക്ലാസിൽ പഠിക്കുമ്പോഴാണ് ജില്ലാ മീറ്റിൽ ലോങ്ജമ്പിൽ ഗോൾഡ് മെഡൽ നേടിയത്. അതോടെ ആദ്യമായി സംസ്ഥാന മത്സരത്തിൽ പങ്കെടുത്ത സ്കൂൾ കായികതാരങ്ങളുടെ പട്ടികയിൽ മുകുന്ദും ഇടംനേടി. സ്കൂളിലെ കായികാധ്യാപകരായ സാബുകുമാർ, ശ്രീജ എന്നിവരുടെ പ്രോത്സാഹനമാണ് തുണയായത്. സ്റ്റേഷനറി വകുപ്പിൽ ജോലിചെയ്യുന്ന കുഞ്ഞമ്മ ദീപ്തിയുടെ കട്ടസപ്പോർട്ടും മുകുന്ദിന് കരുത്തായി. ലോങ്ജമ്പിനു പുറമെ 100 മീറ്റർ ഓട്ടത്തിലും മുകുന്ദ് ശ്രദ്ധ കൊടുത്തു. ഈ രംഗത്ത് കൂടുതൽ കേന്ദ്രീകരിക്കാൻ കൊല്ലം ക്രിസ്തുരാജ് സ്കൂളിലായിരുന്നു പ്ലസ്ടു പഠനം. അതോടെ നേട്ടങ്ങളുടെ പട്ടിക നീണ്ടു. തുടർന്ന് ബിഎ ഇംഗ്ലീഷിൽ ബിരുദപഠനം കൊല്ലം എസ്എൻ കോളേജിൽ. 2019ൽ സംസ്ഥാന ജൂനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ലോങ്ജമ്പിൽ സിൽവർ നേടി. 2019–20ൽ കേരള ഇന്റർക്ലബ് അത്‌ലറ്റിക്സ് മത്സരത്തിൽ ലോങ്ജമ്പിൽ വെങ്കലവും സ്വന്തമാക്കി. ഇതേ വർഷം തന്നെ സംസ്ഥാന സീനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലും മിന്നുന്ന പ്രകടനം നടത്തി. 2019–20 ഡിസംബറിൽ നടന്ന കേരള യൂണിവേഴ്സിറ്റി അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ 100 മീറ്ററിൽ വെങ്കലവും ലോങ്ജമ്പിൽ വെള്ളിയും 2020 ജനുവരിയിൽ മംഗലാപുരത്ത് നടന്ന ഇന്റർ യൂണിവേഴ്സിറ്റി അത്‌ലറ്റിക്സിൽ 4 x100 മീറ്ററിൽ സ്വർണമെഡലും കരസ്ഥമാക്കി. 2019ലെ ഇന്റർക്ലബ് മത്സരത്തിൽ പങ്കെടുത്ത് കാലിന് പരിക്കേറ്റശേഷം ലോങ്ജമ്പിൽനിന്ന് ചെറിയ പിന്മാറ്റം. തുടർന്ന് നൂറുമീറ്റർ ഓട്ട മത്സരത്തിലായിരുന്നു ശ്രദ്ധ. 2020–21ലെ കേരള യൂണിവേഴ്സിറ്റി അത്‌ലറ്റിക്സ് മത്സരത്തിൽ 100 മീറ്ററിലും 4X100 മീറ്ററിലും സ്വർണം. 2021–22ൽ 100മീറ്റർ, 4X100 മീറ്ററിൽ വെങ്കലം. 2023ൽ കേരള യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ 100 മീറ്ററിൽ വെള്ളി, 200 മീറ്ററിൽ വെങ്കലം എന്നിവ ലഭിച്ചു. തുടർന്ന് കേരളയൂണിവേഴ്സിറ്റിയെ പ്രതിനിധികരിച്ച് സൗത്ത് സോൺ ഓൾ ഇന്ത്യ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിലും തുടർന്ന് ഓൾ ഇന്ത്യ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലും പങ്കെടുത്തു. ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗയിംസിലും മിന്നും പ്രകടനംനടത്തി. ആറുവർഷമായി മുകുന്ദിന്റെ കോച്ച് ജയകുമാർ ആണ്. ടികെഎം കോളേജിൽ കായികാധ്യാപകൻ റഫീക്, ഇംഗ്ലീഷ് എച്ച്ഒഡി നിയാസ്, ട്യൂട്ടർ റോഷൻ എന്നിവരും മുകുന്ദിന് കരുത്തായി ഒപ്പമുണ്ട്.




ദേശാഭിമാനി Tue, 25 July 2023
https://epaper.deshabhimani.com/c/73028601

## ഹാപ്പി കൊല്ലം പദ്ധതി

**കൊല്ലം:** കഴക്കൂട്ടം നിള ഫൗണ്ടേഷൻ കൊല്ലം ടി.കെ.എം കോളജുമായി ചേർന്ന് നടപ്പാക്കുന്ന 'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം കോളജ് ഓഡിറ്റോറിയത്തിൽ നടന്നു. ഇതിന്റെ ഭാഗമായി കോളജിൽ 'ഹാപ്പി കാമ്പസ്' സ്ഥാപിക്കും. പദ്ധതിയുടെ ഉദ്ഘാടനം കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിച്ചു. കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസ്‍ലിയാർ അധ്യക്ഷത വഹിച്ചു. നിള ഫൗണ്ടേഷൻ ഫൗണ്ടർ ഡയറക്ടർ സലീന ബീവി പദ്ധതി വിശദീകരിച്ചു. മുൻ എക്സൈസ് കമീഷണർ അനന്തകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ടി.കെ. ജലാലുദ്ദീൻ മുസ്‍ലിയാർ, ഡോ. സുമലക്ഷ്മി, ക്യാപ്റ്റൻ ലിബി, ലെഫ്റ്റനന്റ് ഡോ. തരുൺ റഊഫ് എന്നിവർ പങ്കെടുത്തു.

*11.10.2023 Madhyamam P4*

## സൈക്കോളജി പിജി ഡിപ്ലോമ

കൊല്ലം ● കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കൗൺസിലിങ് സൈക്കോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 9746805470.

*10.10.2023 Manorama P4*



ടി.കെ.എം ആർട്സ് കോളജിന്റെ സാന്ത്വനം പദ്ധതിയുടെ ഭാഗമായി ജില്ല ആശുപത്രിക്ക് വീൽചെയർ കൈമാറുന്നു

# ടി.കെ.എം ആർട്സ് കോളജിൽ സാന്ത്വനം പദ്ധതി

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ഗ്ലോബൽ അലുംനി യു.എ.ഇ ചാപ്റ്റർ 'സാന്ത്വനം 2023' പദ്ധതി സംഘടിപ്പിച്ചു. ജില്ല ആശുപത്രിക്ക് 12 വീൽ ചെയറുകൾ സംഭാവന ചെയ്തു. ആറ് കിടപ്പുരോഗികൾക്കുള്ള ചികിത്സ ധനസഹായ വിതരണവും പഠനത്തിൽ മികവ് പുലർത്തിയ നിർധനരായ വിദ്യാർഥികൾക്ക് സ്കോളർഷിപ് വിതരണവും നടത്തി. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിച്ചു. ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസലിയാർ ഉദ്ഘാടനം ചെയ്തു. ട്രസ്റ്റ് ട്രഷറർ ജലാലുദീൻ മുസലിയാർ സ്കോളർഷിപ് വിതരണവും, ട്രസ്റ്റ് മെംബർ ജമാലുദീൻ മുസലിയാർ ചികിത്സ ധനസഹായ വിതണവും നിർവഹിച്ചു.

അക്ബർ ഹൈദർ മുസലിയാർ, ഡോ.എം. ഹാറൂൻ, പാരന്റ് അലുംനി ചെയർമാൻ പി.എം. നജിമുദീൻ, ഗ്ലോബൽ അലുംനി എക്സിക്യൂട്ടിവ് അംഗങ്ങളായ മുഹമ്മദ് ഫയാസ്, ഹാരിസ് അബുബക്കർ, ലക്ഷ്മി, ജില്ല ആശുപത്രി ഹെൽത്ത് ഇൻസ്പെക്ടർ പ്രദീപ് എന്നിവർ സംസാരിച്ചു.

***16-8-2023, Madhyamam, Page 4***



കഴക്കൂട്ടം നിള ഫൗണ്ടേഷൻ കൊല്ലം ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസുമായി ചേർന്ന് നടപ്പാക്കുന്ന 'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കുന്നു

***11.10.2023 Madhyamam P4***

# ശിൽപശാല നടത്തി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ബയോകെമിസ്ട്രി വിഭാഗവും റിസർച് സെല്ലും 'ഫണ്ടമെന്റൽസ് ആൻഡ് ആപ്ലിക്കേഷൻസ് ഓഫ് സ്പെക്ട്രോസ്കോപി എന്ന വിഷയത്തിൽ ശിൽപശാല നടത്തി.ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. അജിത് കുമാർ, കൊല്ലം എസ്എൻ കോളജ് അസോഷ്യേറ്റ് പ്രഫസർ ഡോ. റിജിത് എന്നിവർ പ്രഭാഷണം നടത്തി. നൂതന സ്പെക്ട്രോസ്കോപി ഉപകരണങ്ങൾ പരിചയപ്പെടുത്തി. പ്രിൻസിപ്പൽ ഡോ ചിത്ര ഗോപിനാഥ്, ഡോ. ഹരിശങ്കർ, ഡോ. ബി.ലത, ഡോ.എ അനസ്, ഡോ. പി.എൻ.അൻസിൽ എന്നിവർ പ്രസംഗിച്ചു.

*16.08.2023 Malayala Manorama Page IV*



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സുവോളജി വിഭാഗം, പരിസ്ഥിതി ക്ലബ് എന്നിവ സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരളയുടെ സഹകരണത്തോടെ അഷ്ടമുടി മേഖലയിൽ നടത്തിയ ശുചീകരണ യജ്ഞം.

# ശുചീകരണ യജ്ഞം നടത്തി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സുവോളജി വിഭാഗം, പരിസ്ഥിതി ക്ലബ് എന്നിവ സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരളയുടെ സഹകരണത്തോടെ അഷ്ടമുടി മേഖലയിലെ തണ്ണീർത്തടങ്ങളിലും വൃഷ്ടി പ്രദേശങ്ങളിലും ശുചീകരണ യജ്ഞം നടത്തി. കോർപറേഷൻ സ്ഥിരസമിതി അധ്യക്ഷ യു.പവിത്ര ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, സംസ്ഥാന തണ്ണീർത്തട അതോറിറ്റി കേരള ജില്ലാ കോ-ഓർഡിനേറ്റർ ഡോ.ജുനൈദ്, സുവോളജി വിഭാഗം മേധാവിയും പ്രോഗ്രാം കൺവീനറുമായ ഡോ.വി.കെ.ജസിൻ റഹ്മാൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.വൈ.മുംതാസ്, അസി.പ്രഫസർ ഡോ.എം.വി.രോഹിണി കൃഷ്ണ എന്നിവർ നേതൃത്വം നൽകി.

*15.10.2023 Malalayala Manorama P2*

# മാനസികാരോഗ്യ ദിനാചരണം

**കരിക്കോട്:** ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ച് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി, ജീവനി സെന്റർ, വിമൻ സ്റ്റഡി യൂനിറ്റ് എന്നിവ സംയുക്തമായി ത്രിദിന ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ഫാത്തിമ മാതാ നാഷനൽ കോളജ് സൈക്കോളജി വിഭാഗം അസി. പ്രഫസർ ഡോ. കെ.എസ്. സിജിൻ ക്ലാസെടുത്തു. മാനസികാരോഗ്യത്തിന്റെ പ്രാധാന്യം വിളംബരം ചെയ്യുന്ന ഫ്ലാഷ് മോബ്, പോസ്റ്റർ പ്രദർശനം എന്നിവ സംഘടിപ്പിച്ചു. പ്രോഗ്രാം കോഓഡിനേറ്റർ ഡോ. രോഹിണി കൃഷ്ണ, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, ജീവനി കൗൺസിലർ ജിജാമോൾ, അസി. പ്രഫസർ ഡോ. മുംതാസ് എന്നിവർ സംസാരിച്ചു.

*13.10.2023 Madhyamam Page 4.*



ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി വാർഷിക ആഘോഷം ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യുന്നു

# ടി.കെ.എം കോളജ് അലുമ്നി വാർഷികം

**കിളികൊല്ലൂർ:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി വാർഷികാഘോഷം 'ഉഷസ്-2023' ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷതവഹിച്ചു. സംസ്ഥാന ഭക്ഷ്യ കമീഷൻ അംഗവും കോളജിലെ പൂർവ വിദ്യാർഥിനിയുമായ സബീത ബീഗം മുഖ്യാതിഥിയായി. അലുമ്നി ചെയർമാൻ പി.എം. നജിമുദീൻ, സെക്രട്ടറി നിസാർ, കോഓഡിനേറ്റർ യഹിയ, ട്രഷറർ ഡോ. ഷാജിത, രാജീവ് കുമാർ, അൻവർ മുഹമ്മദ്, സുരലാൽ എന്നിവർ സംസാരിച്ചു.

സർവകലാശാലാ റാങ്ക് ജേതാക്കളായ വിദ്യാർഥികളെ അനുമോദിക്കൽ, മെരിറ്റ് അവാർഡ് സ്കോളർഷിപ് വിതരണം എന്നിവ സബിതബീഗം നിർവഹിച്ചു. യൂനിവേഴ്സിറ്റിതലത്തിൽ കൾച്ചറൽ ആൻഡ് സ്പോർട്സ് വിഭാഗത്തിലെ വിജയികളായ ജമാലുദീൻ മുസലിയാർ അനുമോദിച്ചു.

ഭാരവാഹികൾ: ആർ. രാജീവ് കുമാർ (ചെയ.), എസ്. മുഹമ്മദ് ഷാക്കിർ (സെക്ര.), എം.എച്ച്. നിസാർ, ശ്രീരാജ് ആർ. നായർ (വൈസ് ചെയ.), പി.എം. നജിമുദീൻ, സുരലാൽ (ജോ.സെക്ര.), അജിൻസ (ട്രഷ.).

***4.10.2023 Madhyamam Page 4***



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നടന്ന അലമ്നൈ വാർഷികാഘോഷവും പൊതുയോഗവും കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ.ഷഹാൽ ഹസൻ മുസല്യാർ ഉദ്ഘാടനം ചെയ്യുന്നു.

***5.10.2023 Malayala Manorama Page IV***

### യുഎസ് ടാക്സ് അനലിസ്റ്റ് പരിശീലനം

# ടികെഎം ആർട്സ് കോളേജും അസാപ് കേരളയും ധാരണപത്രം ഒപ്പുവച്ചു



കുളക്കട അസാപ് സ്കിൽ പാർക്ക് ക്യാമ്പസിൽ ആഗോള അക്കൗണ്ടിങ് കമ്പനിയായ ജിആർ 8 അഫിനിറ്റി സർവീസസ് എൽഎൽപിയുടെ പ്രാദേശിക കേന്ദ്രം നാടിന് സമർപ്പിക്കവെ വിവിധ കമ്പനികളുടെ ധാരണപത്രം സ്വീകരിക്കുന്ന മന്ത്രി കെ എൻ ബാലഗോപാൽ

**കൊല്ലം**

തൊഴിലധിഷ്ഠിത യുഎസ് ടാക്സ് അനലിസ്റ്റ് കോഴ്സ് പരിശീലനത്തിന് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസും അസാപ് കേരളയും ധാരണപത്രം ഒപ്പുവച്ചു. കുളക്കട അസാപ് സ്കിൽ പാർക്കിൽ നടന്ന ചടങ്ങ് ധനമന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനംചെയ്തു. ഡോ. ഉഷ ടൈറ്റസ് അധ്യക്ഷയായി. അമേരിക്കൻ കമ്പനികൾക്കുവേണ്ടി ടാക്സ് അനലിസ്റ്റുകളെ പരിശീലിപ്പിക്കുകയും റിക്രൂട്ട് ചെയ്യുകയും ചെയ്യുന്ന ഗ്രേറ്റ് അഫിനിറ്റി കൺസോർട്ടിയം ആണ് പരിശീലനത്തിന് നേതൃത്വം നൽകുക. പരിശീലനം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് എൻട്രോൾ ഏജന്റുകളായി ജോലി ലഭിക്കും. ഇത് കൊമേഴ്സ് ബിരുദ പഠനം പൂർത്തിയാക്കുന്നതോടൊപ്പം വിദേശ കമ്പനികളിൽ ജോലി നേടാൻ വിദ്യാർഥികൾക്ക് അവസരം ഒരുക്കും. ഗ്രേറ്റ് അഫിനിറ്റി സിഇഒ ഫ്രാങ്ക് പാടി പദ്ധതി വിശദീകരിച്ചു. പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, അസാപ് കേരള സിഎംഡി ഉഷ ടൈറ്റസ് എന്നിവർ ധാരണപത്രത്തിൽ ഒപ്പുവച്ചു. അനന്തേഷ് ബില്ലാവ, അനൂപ് അംബിക, അനീഷ് നെങ്ങേലിൽ, ഡോ. സജി ഗോപിനാഥ്, സജിമോൻ, ലിജിൽ ലക്ഷ്മൺ, ഡോ. സുമലക്ഷ്മി, ഷൈനി സലാം, ഫിറോസ് ഖാൻ എന്നിവർ പങ്കെടുത്തു.

***20.10.2023 Deshabimani P4***






**Principal receives YIP Award 2023**



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നിള ഫൗണ്ടേഷനുമായി ചേർന്ന് നടപ്പാക്കുന്ന 'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കുന്നു.

# ടികെഎം കോളജിൽ 'ഹാപ്പി കൊല്ലം' പദ്ധതി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നിള ഫൗണ്ടേഷനുമായി ചേർന്നു നടപ്പാക്കുന്ന 'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിച്ചു. കുടുംബപ്രശ്നങ്ങളാണ് ആത്മഹത്യയിലേക്കു നയിക്കുന്ന പ്രധാന കാരണമെന്നും കൃത്യമായ കൗൺസലിങ് സംവിധാനത്തിലൂടെ ആളുകളുടെ ജീവൻ രക്ഷിക്കാൻ സാധിക്കുമെന്നും മേയർ പറഞ്ഞു.

യുവാക്കളിൽ മാനസികാരോഗ്യം ഉറപ്പുവരുത്തുകയും ആത്മഹത്യാ പ്രവണത കുറച്ചു കൊണ്ടുവരികയും ചെയ്യുക എന്നതാണു ഹാപ്പി കൊല്ലം പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഹാപ്പി ക്യാംപസ് സ്ഥാപിക്കും. 2028ൽ ജില്ലയെ ആത്മഹത്യാ രഹിത ജില്ലയാക്കി മാറ്റുക എന്നതാണു ലക്ഷ്യം. ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. നിള ഫൗണ്ടേഷൻ സിഇഒ സലീന ബീവി പദ്ധതി വിശദീകരിച്ചു. മുൻ എക്സൈസ് കമ്മിഷണർ അനന്തകൃഷ്ണൻ, കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ടി.കെ.ജലാലുദ്ദീൻ മുസല്യാർ, ഡോ. സുമലക്ഷ്മി, ക്യാപ്റ്റൻ ലിബി, ലഫ്റ്റനന്റ് ഡോ. തരുൺ റഊഫ് എന്നിവർ പ്രസംഗിച്ചു.

***11.10.2023 Manorama P2***

# Mental Health Day observed at TKM College

EXPRESS NEWS SERVICE @Kollam

AS part of World Mental Health Day, the Department of Zoology and Women Study Unit of TKM College of Arts and Science in association with Jeevani Centre jointly organised a three-day awareness programme on Wednesday. College principal Chithra Gopinath inaugurated the programme. Fatima Mata National College Psychology department assistant professor Sijin K S handled the awareness class.

The event also featured a flash mob and a poster exhibition to emphasise the importance of mental health.

Programme coordinator Rohini Krishna M V, Zoology HOD Jasin Rahman V K, Jeevani counsellor Jeejamol and assistant professor Mumthas Y addressed the gathering.

***12.10.2023 Indian Express P3***



ടികെഎം കോളജ് ഓഫ് ആർട്സിൽ ലോക മാനസികാരോഗ്യ ദിനത്തോടനുബന്ധിച്ചു നടന്ന ബോധവൽക്കരണ പരിപാടി പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു.

# മാനസികാരോഗ്യ ദിനാചരണം : ടികെഎം കോളജിൽ ബോധവൽക്കരണ പരിപാടി നടത്തി

കരിക്കോട് ● ലോക മാനസികാരോഗ്യദിനത്തോടനുബന്ധിച്ചു ടികെഎം കോളജ് ഓഫ് ആർട്സിലെ ഡിപ്പാർട്മെന്റ് ഓഫ് സുവോളജി, ജീവനി സെന്റർ, വിമൻ സ്റ്റഡി യൂണിറ്റ് എന്നിവ ത്രിദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് ഉദ്ഘാടനം നിർവഹിച്ചു. കൊല്ലം ഫാത്തിമ മാതാ നാഷനൽ കോളജ് സൈക്കോളജി വിഭാഗം അസി.പ്രഫസർ ഡോ.കെ.എസ്.സിജിൻ ബോധവൽക്കരണ ക്ലാസെടുത്തു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.രോഹിണി കൃഷ്ണ, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, ജീവനി കൗൺസിലർ ജിജാമോൾ, അസി.പ്രഫസർ ഡോ.മുംതാസ് എന്നിവർ പ്രസംഗിച്ചു.

***12.10.2023 Manorama P2***

# *The Hindu* Future India Club initiative inaugurated in Kollam

**The Hindu Bureau**
KOLLAM



Participants of a workshop on communication skills organised by *The Hindu* Future India Club at TKM Arts and Science College, Kollam, on Thursday.

*The Hindu* Future India Club (FIC) initiative, which puts together programmes of varied genres for college students, was conducted at TKM Arts and Science College, Kollam on Thursday.

As part of the FIC learning series, a workshop on communication skills was conducted for students of the English and Commerce department.

**Writing skills**

Kalyani Vallath, teacher and trainer who is also managing director of Vallath Education Private Limited., led a session on writing skills as part of the first phase of the communication skills series. She engaged students in creative writing through various activities. Around 200 students attended the training session. Similar workshops under the FIC will be organised in 10 colleges across the State during October and November

Sheeba M. J., Principal in-charge, delivered the inaugural address.

Niyas S.M., Head, Department of English welcomed the gathering. Mohammed Musthafa .K , UGC Librarian, delivered the vote of thanks.

Muhammed Roshan B., Assistant Professor, Department of English also spoke. The Hindu Future India Club initiative is supported by Vallath Education Private Limited

***20.10.2023 The Hindu P3***

# ഹാപ്പി കൊല്ലം പദ്ധതി ഉദ്ഘാടനം

***12.10.2023. Madhyamam P3***

**കൊല്ലം:** കടക്കൂട്ടം നിള ഫൗണ്ടേഷൻ, ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കൊല്ലവുമായി ചേർന്ന് നടപ്പാക്കുന്ന 'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം ലോക മാനസികാരോഗ്യ ദിനത്തിൽ കോളജ് ഓഡിറ്റോറിയത്തിൽ നടന്നു.

യുവജനങ്ങളിൽമാനസികാരോഗ്യം ഉറപ്പുവരുത്തുകയും ആത്മഹത്യ പ്രവണത കുറച്ചുകൊണ്ടുവരുകയും ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കോളജിൽ 'ഹാപ്പി കാമ്പസ്' സ്ഥാപിക്കും. പ്രത്യേക പരിശീലനം ലഭിച്ച വിദ്യാർഥി വളന്റിയർമാരും എൻ.സി.സി കാഡറ്റുകളും ആണ് പദ്ധതിക്ക് നേതൃത്വം നൽകുക. 2028 ഓടെ കൊല്ലം ജില്ലയെ ആത്മഹത്യാരഹിത ജില്ലയാക്കി മാറ്റുക എന്നതാണ് ലക്ഷ്യം വെക്കുന്നത്.

ഉദ്ഘാടനം കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിച്ചു. ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസ്ലിയാർ അധ്യക്ഷതവഹിച്ചു. നിള ഫൗണ്ടേഷൻ ഫൗണ്ടർ ഡയറക്ടർ സലീന ബീവി പദ്ധതി വിശദീകരിച്ചു.

മുൻ എക്സൈസ് കമീഷണർ അനന്തകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ടി.കെ. ജലാലുദ്ദീൻ മുസ്ലിയാർ, ഡോ. സുമലക്ഷ്മി, ക്യാപ്റ്റൻ ലിബി കെ. എസ്, ലെഫ്റ്റനന്റ് ഡോ. തരുൺ റൗഫ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.



നിള ഫൗണ്ടേഷനുമായി ചേർന്ന് ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നടപ്പാക്കുന്ന ഹാപ്പി കൊല്ലം പദ്ധതിയുടെ ഉദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കുന്നു

## ഹാപ്പി കൊല്ലം പദ്ധതിക്ക് തുടക്കം

കൊല്ലം: നിള ഫൗണ്ടേഷനുമായി ചേർന്ന് ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നടപ്പാക്കുന്ന 'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിച്ചു. യുവാക്കളിൽ മാനസികാരോഗ്യം ഉറപ്പുവരുത്തുകയും ആത്മഹത്യ പ്രവണത കുറയ്ക്കുകയും 2028 നകം കൊല്ലം ജില്ലയെ ആത്മഹത്യാരഹിത ജില്ലയാക്കി മാറ്റുക എന്നതുമാണ് പ്രധാനലക്ഷ്യം. ഇതിന്റെ ഭാഗമായി 'ഹാപ്പി ക്യാമ്പസ്' സ്ഥാപിക്കും. ചടങ്ങിൽ കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹൽ ഹസൻ മുസലിയാർ അദ്ധ്യക്ഷത വഹിച്ചു. നിള ഫൗണ്ടേഷൻ സി.ഇ.ഒ സലീന ബീവി പദ്ധതി വിശദീകരിച്ചു. മുൻ എക്സൈസ് കമ്മിഷണർ അനന്തകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ടി.കെ. ജലാലുദ്ദീൻ മുസലിയാർ, ഡോ. സുമലക്ഷ്മി, ലിബി, ഡോ. തരുൺ റൗഫ് എന്നിവർ പങ്കെടുത്തു.

***12.10.2023 Kerala Koumudi p2***

**TKM COLLEGE OF ARTS AND SCIENCE**

**KOLLAM -5**

**Phone-04742712240**

**www.tkmcas.ac.in**

**TENDER NOTICE**

Sealed Tenders are invited for double faced stack-3bay. Details are available in college website. Last date of receipt of Tender form is on 04.11.2023.

**Sd/- Principal**

***20.10.2023 Madhaymam p2***

**TKM COLLEGE OF ARTS AND SCIENCE**

**KOLLAM -5**

**Phone-0474 2712240**

**www.tkmcas.ac.in**

**Tender Notice**

Sealed Tenders are invited for double faced stack-3bay. Details are available in college website. Last date of receipt of Tender form is on 04.11.2023.

*Sd/-* **Principal**

***20.10.23 Express p5***



'ഹാപ്പി കൊല്ലം' പദ്ധതിയുടെ ഉദ്ഘാടനച്ചടങ്ങിൽനിന്ന്

***12.10.2023. Madhyamam P3***

# ടി.കെ.എം.ആർട്സ് കോളേജിൽ ഭാഷാനൈപുണ്യവികസന സെമിനാർ



ടി.കെ.എം. ആർട്സ് കോളേജിൽ ഭാഷാനൈപുണ്യവികസന സെമിനാർ ഡോ. എം.ജെ.ഷീബ ഉദ്ഘാടനം ചെയ്യുന്നു

**കൊല്ലം ▸** ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ, ഇംഗ്ലീഷ് പഠനവിഭാഗവും കോളേജ് ലൈബ്രറിയും സംയുക്തമായി ഭാഷാ നൈപുണ്യ വികസന സെമിനാർ നടത്തി. കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ക്രിയാത്മക രചന, വായനയിലെ വൈവിധ്യങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു.

ഡോ. എം.ജെ.ഷീബ ഉദ്ഘാടനം നിർവഹിച്ചു. ഡോ. കല്യാണി വാലത്ത് നേതൃത്വം നൽകി. ശരവണകുമാർ, ആർ.പ്രേംനാഥ്, ബി.മുഹമ്മദ് റോഷൻ, വകുപ്പ് മേധാവി എസ്.എം.നിയാസ്, ലൈബ്രേറിയൻ ഡോ. മുഹമ്മദ് മുസ്തഫ എന്നിവർ സംസാരിച്ചു.

***20.10.2023 Manorama P2***

# രക്തദാന ക്യാംപ്

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോകെമിസ്ട്രി വിഭാഗം, കൊല്ലം ഗവ.മെഡിക്കൽ കോളജ് എന്നിവ കോളജ് ഹെൽത്ത് ക്ലബ്, എൻസിസി, കേരള സ്റ്റേറ്റ് ബ്ലഡ് ഡോണേഴ്സ് സൊസൈറ്റി, എച്ച്ഡിഎഫ്സി ബാങ്ക് എന്നിവയുടെ സഹകരണത്തോടെ രക്തദാന ക്യാംപ് സംഘടിപ്പിച്ചു.

പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ബയോകെമിസ്ട്രി വകുപ്പ് മേധാവി ഡോ.ബി.ലത, ഹെൽത്ത് ക്ലബ് കോഓർഡിനേറ്റർ ഡോ.എ.എസ്.സുമയ്യ, ക്യാംപ് കോഓർഡിനേറ്റർ ഡോ.പി.എൻ.അൻസിൽ എന്നിവർ നേതൃത്വം നൽകി.

***14.11.2023 Manorama***

# തണ്ണീർത്തട സംരക്ഷണം: പരിശീലനം നൽകി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ജന്തുശാസ്ത്ര വിഭാഗവും സംസ്ഥാന തണ്ണീർത്തട അതോറിറ്റിയും സംയുക്തമായി വിദ്യാർഥികൾക്കു തണ്ണീർത്തട സംരക്ഷണ പരിശീലനം നൽകി.

വിദ്യാർഥികൾക്കു തണ്ണീർത്തട മിത്രങ്ങളായി റജിസ്റ്റർ ചെയ്യാനുള്ള അവസരവും പോസ്റ്റർ പ്രദർശനവും ഒരുക്കി. ഡോ.ജുനൈദ് ഹസൻ, ഡോ.ജോൺ സി.മാത്യു, വി.കെ.മധുസൂദനൻ, അരുൺ കുമാർ എന്നിവർ പരിശീലനം നൽകി. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, സുവോളജി വിഭാഗം മേധാവി ഡോ.ജസിൻ റഹ്മാൻ, പ്രോഗ്രാം കോഓർഡിനേറ്റർ ഡോ.മുംതാസ്, ഡോ.ലക്ഷ്മി ശ്രീകുമാർ, ദിലീപ് കുമാർ, ഡോ.രോഹിണി കൃഷ്ണ എന്നിവർ പ്രസംഗിച്ചു.

***9.11.2023 Manorama P2***

# പ്രമേഹരോഗ ദിനാചരണം

**കരിക്കോട് ▸** ലോക പ്രമേഹരോഗദിനാചരണത്തിന്റെ ഭാഗമായി ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ബയോ കെമിസ്ട്രി വിഭാഗവും ഹെൽത്ത് ക്ലബ്ബും കൊല്ലം കിംസ് ഹെൽത്ത് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ സൗജന്യ പ്രമേഹ പരിശോധനാ ക്യാമ്പ് നടത്തും. ചൊവ്വാഴ്ച രാവിലെ 11.30-ന് കാമ്പസിൽ എത്തിച്ചേരുന്ന 'മധുര വണ്ടി' എന്ന് നാമകരണം ചെയ്ത പ്രമേഹ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയ കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസിനു പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. വിദ്യാർഥികൾക്കും അധ്യാപകർക്കും പൊതുജനങ്ങൾക്കും സൗജന്യമായി ക്യാമ്പിൽ പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് ഫോൺ: 9074146911.

***14.11.2023 Mathrubhumi P2***